2024 OCTOBER
26
SATURDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## അമേരിക്കയിലേക്ക് അനധികൃതകുടിയേറ്റം:
# പിടിയിലായത് 90,415 ഇന്ത്യക്കാർ




**ന്യൂഡൽഹി:** അമേരിക്കയിലേക്ക് അനധികൃതമായി കുടിയേറാൻ ശ്രമിക്കുന്നതിനിടെ കഴിഞ്ഞ ഒരു വർഷത്തിനിടെ മണിക്കൂറിൽ പത്ത് ഇന്ത്യക്കാർ വീതം പിടിയിലായതായി രേഖകൾ. 2023 സെപ്റ്റംബർ 30 മുതൽ 2024 ഒക്ടോബർ ഒന്നു വരെ അനധികൃതമായി അമേരിക്കയിലേക്ക് കടക്കാൻ ശ്രമിച്ചതിന് 29 ലക്ഷം ആളുകളെയാണ് അധികൃതർ പിടികൂടിയത്. ഇതിൽ 90,415 പേർ ഇന്ത്യക്കാരാണെന്ന് യുഎസ് കസ്റ്റംസ് ആൻഡ് ബോർഡർ പ്രൊട്ടക്ഷൻ വിഭാഗത്തിന്റെ കണക്കുകൾ വ്യക്തമാക്കുന്നു. മെക്സിക്കോ, കാനഡ തുടങ്ങിയ രാജ്യങ്ങൾ വഴിയാണ് അമേരിക്കയിലേക്ക് കടക്കാൻ ശ്രമം നടത്തിയത്.

പിടിയിലായ ഇന്ത്യക്കാരിൽ 50 ശതമാനത്തോളം പേർ ഗുജറാത്തിൽ നിന്നുള്ളവരാണെന്ന് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. കാനഡ വഴി അമേരിക്കയിലേക്ക് കടക്കാൻ ശ്രമിച്ചതിന് 43764 ഇന്ത്യക്കാരാണ് അറസ്റ്റിലായത്. മെക്സിക്കോ വഴി അനധികൃത കുടിയേറ്റത്തിനിടെ പിടിയിലാകുന്നവരുടെ എണ്ണത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ചെറിയ കുറവുണ്ടാകുന്നതായാണ് രേഖകൾ വ്യക്തമാക്കുന്നത്. 2023ൽ അമേരിക്കയിലേക്ക് അനധികൃത കുടിയേറ്റത്തിന് അറസ്റ്റിലായവർ 32 ലക്ഷംപേരായിരുന്നു. ഇതിൽ ഇന്ത്യക്കാരുടെ എണ്ണം 96,917. യുഎസ് മെക്സിക്കോ അതിർത്തി വഴി കടക്കാൻ ശ്രമം നടത്തിയതിന് ഈ വർഷം ഇതുവരെ പിടിയിലായത് 25616 പേരാണ്. 2023ൽ ഇത് 41,770 ആയിരുന്നു. മെക്സിക്കോ വഴി അമേരിക്കയിലേക്ക് കടക്കുന്നവരുടെ എണ്ണം കുറയുകയാണെന്ന് അധികൃതർ പറയുന്നു. ദുബായ്, തുർക്കി വഴിയാണ് പലരും മെക്സിക്കോയിലെത്തുന്നത്. യുഎസ് ഏജൻസികൾ ഇവിടെ കർശനമായ നിരീക്ഷണം നടത്തുന്നതോടെ പലരും ഈ വഴി ഉപേക്ഷിച്ചു. കാനഡയിൽനിന്ന് അമേരിക്കയിലേക്ക് കടക്കാനാണ് ഇപ്പോൾ കൂടുതലും ശ്രമങ്ങൾ നടക്കുന്നത്. ഈ ഭാഗത്തും യുഎസ് നിരീക്ഷണം ശക്തമാക്കി.

# ഇറാന് തിരിച്ചടി നൽകി ഇസ്രയേൽ; വൻ വ്യോമാക്രമണം



**ജറുസലം:** ഇറാനിലെ സൈനിക കേന്ദ്രങ്ങൾ ലക്ഷ്യമാക്കി ഇസ്രയേലിന്റെ വ്യോമാക്രമണം. ഇറാന്റെ മിസൈൽ ആക്രമണങ്ങൾക്ക് പകരമായാണ് ആക്രമണം. ഒക്ടോബർ ഒന്നിനാണ് ഇരുന്നൂറിലേറെ മിസൈലുകൾ ഇസ്രയേൽ ലക്ഷ്യമാക്കി ഇറാൻ തൊടുത്തത്. ഇസ്രയേലിനു നേർക്ക് തുടർച്ചയായി ഉണ്ടാകുന്ന ആക്രമണങ്ങൾക്ക് പകരമായി ഇറാന്റെ സൈനിക കേന്ദ്രങ്ങൾ ആക്രമിച്ചതായി ഇസ്രയേൽ സൈന്യം പ്രസ്താവനയിൽ വ്യക്തമാക്കി. ടെഹ്റാനിൽ വലിയ സ്ഫോടനങ്ങളുണ്ടായതായി ഇറാൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ടെഹ്റാൻ വിമാനത്താവളത്തിന് അടുത്തും സ്ഫോടനം നടന്നതായി രാജ്യാന്തര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

“മറ്റേതു പരമാധികാര രാജ്യത്തെയും പോലെ തിരിച്ചടിക്കാനുള്ള അവകാശം ഇസ്രയേലിനുണ്ട്. ഇസ്രയേലിനെയും ജനങ്ങളെയും പ്രതിരോധിക്കാൻ ആവശ്യമായ കാര്യങ്ങൾ ചെയ്യും.”ഇസ്രയേൽ സൈന്യം വ്യക്തമാക്കി. ഏതു തിരിച്ചടിയും നേരിടാൻ തയാറാണെന്നും ഇസ്രയേൽ വ്യക്തമാക്കി.

ഒക്ടോബർ ഒന്നിലെ ആക്രമണത്തെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി ഇസ്രയേൽ ഇറാനിൽ ആക്രമണം നടത്തിയതിനെക്കുറിച്ച് അറിവുള്ളതായി യുഎസ് അധികൃതർ വ്യക്തമാക്കി. ഇറാനു നേരെ ആക്രമണം ഉണ്ടായാൽ ശക്തമായി തിരിച്ചടിക്കുമെന്ന് ഇറാനിയൻ ഭരണകൂടം വ്യക്തമാക്കിയിരുന്നു. ഇറാനു നേരെ ആക്രമണം നടത്താൻ ഇസ്രയേൽ തയാറെടുക്കുന്നതായി ചൂണ്ടിക്കാട്ടുന്ന അമേരിക്കൻ ഇന്റലിജൻസ് രേഖകൾ കഴിഞ്ഞയാഴ്ച പുറത്തായിരുന്നു.

## കിഴക്കൻ ലഡാക്കിൽ ഇന്ത്യ, ചൈന സൈനിക പിൻമാറ്റം ആരംഭിച്ചു; പൂർത്തിയായ ശേഷം പട്രോളിങ്



**ന്യൂഡൽഹി:** കിഴക്കൻ ലഡാക്കിലെ യഥാർഥ നിയന്ത്രണരേഖയിൽ ഇന്ത്യ, ചൈന സൈനിക പിൻമാറ്റം ആരംഭിച്ചു. 29ന് പിൻമാറ്റം പൂർത്തിയാകും. കിഴക്കൻ ലഡാക്കിലെ ഡെപ്സങ്, ഡെംചോക് പ്രദേശങ്ങളിൽ നിന്നുള്ള സൈനിക പിൻമാറ്റമാണ് ആരംഭിച്ചത്. സേനാ പിൻമാറ്റം പൂർത്തിയായ ശേഷം പട്രോളിങ് ആരംഭിക്കും.

ഇരുപ്രദേശങ്ങളിലും താൽക്കാലികമായി നിർമിച്ച സംവിധാനങ്ങളും പൊളിച്ചുനീക്കും. 2020 ഏപ്രിലിനു മുൻപത്തെ നിലയിലേക്കു ഘട്ടം ഘട്ടമായി മടങ്ങാനാണ് തീരുമാനം. പാംഗോങ് തടാക തീരത്ത് 2020 മേയ് 5നു ചൈനീസ് സേന കടന്നുകയറിയതോടെയാണു ഇരു രാജ്യങ്ങളും തമ്മിൽ സംഘർഷം ആരംഭിച്ചത്.

സമാധാനപരമായ ബന്ധം നിലനിർത്താൻ ഇന്ത്യയും ചൈനയും തമ്മിൽ ധാരണയായിരുന്നു. റഷ്യയിലെ കസാനിൽ നടക്കുന്ന ബ്രിക്സ് സമ്മേളനത്തിനിടെ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ചൈനയുടെ പ്രസിഡന്റ് ഷി ചിൻപിങ്ങും നടത്തിയ ചർച്ചയിലാണ് ഈ ധാരണയിലെത്തിയത്. കിഴക്കൻ ലഡാക്കിലെ അതിർത്തി തർക്കത്തിൽ നിർണായക തീരുമാനമുണ്ടായതിനു പിന്നാലെയായിരുന്നു കൂടിക്കാഴ്ച.



# ശബരിമല: തിരക്ക് നിയന്ത്രിക്കാൻ പൊലീസ് നടപടി; പതിനെട്ടാംപടി വഴി മിനിറ്റിൽ 65 ഭക്തർ

**തിരുവനന്തപുരം:** ശബരിമലയിൽ തിരക്കില്ലാത്ത ദിവസങ്ങളിൽ മിനിറ്റിൽ ശരാശരി 65 പേരെയും വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ ശരാശരി 80 പേരെയും പതിനെട്ടാംപടി വഴി കടത്തി വിടാൻ പൊലീസ് തീരുമാനം.പതിനെട്ടാം പടിയിൽ 50 % പരിചയസമ്പന്നരെയും 50 % പുതിയതായി സേനയിലെത്തിയ യുവാക്കളെയും ഡ്യൂട്ടിക്കു നിയോഗിക്കും. ഇതിനായി 120 പൊലീസുകാരെ തിരഞ്ഞെടുത്തു 10 ദിവസത്തെ പരിശീലനം നൽകും. 3 ഘട്ടമായി ഇവർ സന്നിധാനത്തു ഡ്യൂട്ടിക്കെത്തും. ഇവിടത്തെ ഡ്യൂട്ടിക്കാർക്കു പ്രത്യേക ഭക്ഷണം നൽകും.



വിശദ സ്കീം 2 ദിവസത്തിനുള്ളിൽ തയാറാകും. 29നു പമ്പയിൽ ദേവസ്വം മന്ത്രിയുടെ സാന്നിധ്യത്തിൽ തയാറെടുപ്പുകൾ വിലയിരുത്താൻ ഏകോപന സമിതി യോഗം ചേരും. തിരക്കു നിയന്ത്രിക്കാൻ 5 തലത്തിലാകും പൊലീസിനെ വിന്യസിക്കുക. സന്നിധാനം, പമ്പ, നിലയ്ക്കൽ, എരുമേലി എന്നിവിടങ്ങളിൽ ഓരോ എസ്പിയുടെയും അഡീഷനൽ എസ്പിയുടെയും നേതൃത്വത്തിലും 12 ഇടത്താവളങ്ങളിൽ ഇൻസ്പെക്ടർ റാങ്കിലെ ഉദ്യോഗസ്ഥന്റെ നേതൃത്വത്തിലും തിരക്ക് നിയന്ത്രിക്കും. ഇടത്താവളങ്ങളിൽ പ്രാദേശിക ഡിവൈഎസ്പിമാരും ഡ്യൂട്ടിയിലുണ്ടാകും. ദിവസം ശരാശരി 3000 പൊലീസുകാർ ഡ്യൂട്ടിക്കുണ്ടാകും. അവസാന ഘട്ടത്തിൽ ഇതു നാലായിരമാക്കും.

ശുചീകരണം, അന്നദാനം എന്നിങ്ങനെ പൊലീസ് ഇതര ഡ്യൂട്ടിയിൽ നിന്ന് ഇവരെ പൂർണമായി ഒഴിവാക്കും. പതിനെട്ടാംപടി ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥർ 40 പേരടങ്ങുന്ന സംഘമായി 3 ബാച്ചായി എത്തും. ഒരേസമയം 12 പേർ പതിനെട്ടാം പടിയിൽ ഭക്തരെ കയറ്റി വിടാൻ ഉണ്ടാകും. കഴിഞ്ഞ പ്രാവശ്യം 6 പേർ മാത്രമായിരുന്നു ഇവിടെ ഡ്യൂട്ടിയിൽ. ഇതു പതിനെട്ടാംപടി കയറ്റം ദുർഘടമാക്കിയെന്നാണു പൊലീസ് വിലയിരുത്തൽ. ഓൺലൈൻ വഴിയുള്ള വെർചൽ ക്യൂ ബുക്കിങ് 70,000 ആയും സ്പോട്ട് ബുക്കിങ് 10,000 ആയും നിജപ്പെടുത്തും. എങ്കിലും ബുക്കിങ് ഇല്ലാതെ വരുന്നവർക്ക് ഉൾപ്പെടെ ദർശനം ഉറപ്പാക്കും. അടുത്ത 14 മുതൽ സേനാ വിന്യാസം നടത്തും.

ഭക്തരുടെ തിരക്ക് നിരീക്ഷിച്ചു നിയന്ത്രിക്കാൻ പമ്പ മുതൽ സന്നിധാനം വരെ 60 സിസിടിവി ക്യാമറകൾ സജ്ജമാക്കി. പമ്പയിലെ കൺട്രോൾ റൂമിൽ ഇതു നിരീക്ഷിച്ചു വേണ്ട നിർദേശം നൽകും. 30 അംഗ പ്രത്യേക കമാൻഡോ സംഘത്തെ ഇക്കുറി സന്നിധാനത്തു സുരക്ഷയ്ക്കായി നിയോഗിക്കും. കഴിഞ്ഞ പ്രാവശ്യം ഇവരെ പിൻവലിച്ചതിന്റെ കാരണം ഉന്നതതലത്തിൽ അന്വേഷിക്കുന്നുണ്ട്. ഇവർക്കു പുറമേ 120 അംഗ ദ്രുത കർമസേനയെയും പമ്പ മുതൽ സന്നിധാനം വരെ സുരക്ഷയ്ക്കു നിയോഗിക്കും.

# വിലയിടിവ്: റബർ കർഷകർ ദുരിതത്തിൽ

**വടക്കഞ്ചേരി:** റബറിന്റെ വിലയിടിവും കാലാവസ്ഥാ വ്യതിയാനവും മൂലം മലയോരത്തു കർഷകർ തീരാദുരിതത്തിലായി. വില ഉയർന്ന ശേഷം പെട്ടെന്നു താഴ്ന്നതു കർഷകർക്ക് ഇരട്ടി പ്രഹരമായി. കഴിഞ്ഞദിവസം ആർഎസ്എസ് 4ന് 179 രൂപയും അഞ്ചാം ഗ്രേഡിന് 173 രൂപയുമായിരുന്നു വിപണിവില. ലോട്ട് ഷീറ്റിന് 163 രൂപയായി. ഇതിലും 5 രൂപ കുറച്ചാണു വ്യാപാരികൾ ഷീറ്റ് എടുക്കുന്നത്. ഒരു മാസത്തിനുള്ളിൽ 70 രൂപയോളം കുറഞ്ഞതു കർഷകരെ കുറച്ചൊന്നുമല്ല വിഷമിപ്പിക്കുന്നത്. പലരും റബർകൃഷി തന്നെ ഉപേക്ഷിക്കുകയാണ്.കൂലി നൽകി ടാപ്പിങ് നടത്തിയാൽ കൂലി ചെലവു കഴിഞ്ഞാൽ ഒന്നുമില്ലാത്ത അവസ്ഥയിലാണു കർഷകർ. കിഴക്കഞ്ചേരി, മംഗലംഡാം, വടക്കഞ്ചേരി, കണ്ണമ്പ്ര, പുതുക്കോട് മേഖലകളിലെ പതിനായിരം ഹെക്ടർ സ്ഥലത്തു റബർ കൃഷി ചെയ്യുന്നുണ്ട്. റബർവില കിലോ 250 രൂപയെങ്കിലും കിട്ടിയാലേ കർഷകനു പിടിച്ചുനിൽക്കാൻ കഴിയൂ എന്നും അല്ലെങ്കിൽ റബർ കൃഷി ഇല്ലാതാകുമെന്നുമാണു കർഷകർ പറയുന്നത്.



കാലാവസ്ഥാ വ്യതിയാനം റബർപാൽ ഉൽപാദനം കുറച്ചു. ഒരു ഹെക്ടറിന് 2,500 കിലോഗ്രാം ഷീറ്റ് കിട്ടിയിരുന്നിടത്ത് ഇപ്പോൾ 1500 മുതൽ 1700 വരെയാണു ലഭിക്കുന്നത്. കിലോഗ്രാമിന് 260 രൂപ വരെ കിട്ടിയിരുന്നിടത്ത് ഇപ്പോൾ കർഷകനു ലഭിക്കുന്നത് 160 രൂപയാണ്. വിലസ്ഥിരതാ ഫണ്ടും പലർക്കും കൃത്യമായി ലഭിച്ചിട്ടില്ല. മിക്ക തോട്ടങ്ങളും റീപ്ലാന്റ് ചെയ്യുന്നതും നീളുകയാണ്. രണ്ടുമൂന്നു വർഷമായി റബർ നഴ്സറികളിൽ റബർതൈകൾ കെട്ടിക്കിടക്കുകയാണ്.

ആവർത്തനക്കൃഷി നടത്താതെ തെങ്ങ്, കുരുമുളക്, കമുക്, വാഴ, ജാതി എന്നിവ നടുന്ന കർഷകരുമുണ്ട്. 5 ഏക്കർ റബർ ടാപ്പിങ് നടത്തിയതിനു ശേഷം കൂലിയും വളത്തിന്റെയും പരിചരണത്തിന്റെയും പണവും കഴിച്ചാൽ ലാഭമല്ല നഷ്ടമാണു വന്നതെന്ന് കർഷകർ കണക്ക് സഹിതം വ്യക്തമാക്കുമ്പോഴാണു റബർ കൃഷി ചെയ്യുന്ന കർഷകരുടെ പ്രതിസന്ധി വ്യക്തമാകുക. സ്വന്തമായി ടാപ്പിങ് ചെയ്യുന്നവർക്ക് കൂലിച്ചെലവു മാത്രം ലഭിക്കുന്നു. കർഷകന് കിലോഗ്രാമിന് 210 രൂപയ്ക്ക് മുകളിൽ കിട്ടിയില്ലെങ്കിൽ കൃഷി ചെയ്തിട്ട് കാര്യമില്ലെന്ന അവസ്ഥയാണുള്ളത്.

## ജി.എസ്.ടി പിൻവലിക്കണം: സൂപ്പർമാർക്കറ്റ് വെൽഫെയർ അസോസിയേഷൻ

**കൊച്ചി:** കെട്ടിട വാടകയിൽ 18 ശതമാനം ജി.എസ്.ടി വ്യാപാരികൾ നൽകണമെന്ന തീരുമാനം പിൻവലിക്കണമെന്നാവശ്യപ്പെട്ട് സൂപ്പർമാർക്കറ്റ് വെൽഫെയർ അസോസിയേഷൻ ഓഫ് കേരള (എസ്.ഡബ്ല്യു.എ.കെ) കേന്ദ്ര ധനകാര്യവകുപ്പ് മന്ത്രിക്ക് നിവേദനം നൽകി. ജി.എസ്.ടി യുടെ മേൽ അടിക്കടി പുതിയ പുതിയ തീരുമാനങ്ങൾ എടുത്ത് ചെറുകിട വ്യാപാര മേഖലയെ ഉന്മൂലനം ചെയ്യുന്നനിലപാടിൽ നിന്നും സർക്കാർ പിന്തിരിയണമെന്നും സൂപ്പർമാർക്കറ്റ് വെൽഫെയർ അസോസിയേഷൻ ഓഫ് കേരള നിവേദനത്തിൽ ആവശ്യപ്പെട്ടു.സർക്കാർ നിലപാട് തിരുത്താത്ത പക്ഷം വ്യാപാര മേഖലയിലെ ഇതര സംഘടനകളുമായി യോജിച്ചു സമര പരിപാടികൾ ആവിഷ്കരിക്കുമെന്ന് എസ്.ഡബ്ല്യു.എ.കെസംസ്ഥാന പ്രസിഡണ്ട് ജോർഫിൻ പേട്ട,ജനറൽ സെക്രട്ടറി കെ എ സിയാവുദ്ദീൻ ട്രഷറർ കെ എം ഹനീഫ കോഴിക്കോട് .എന്നിവർ വാർത്ത കുറുപ്പിൽ അറിയിച്ചു.

## ഐഎഫ്എഫ്ഐ: ചലച്ചിത്രങ്ങളുടെ പട്ടിക പ്രഖ്യാപിച്ചു

**ന്യൂഡൽഹി:** ഇന്ത്യ അന്താരാഷ്ട്ര ചലച്ചിത്രോത്സവം ഐഎഫ് എഫ് ഐയുടെ 55ാം പതിപ്പിൽ പ്രധാന വിഭാഗമായ ഇന്ത്യൻ പനോരമയിൽ , പ്രദർശിപ്പിക്കുന്ന 25 ഫീച്ചർ ഫിലിമുകളുടെയും 20 നോൺഫീച്ചർ ഫിലിമുകളുടെയും പട്ടിക പ്രഖ്യാപിച്ചു. 384 സമകാലിക ഇന്ത്യൻ ഫീച്ചർ ഫിലിമുകളിൽ നിന്ന് മുഖ്യധാരാ സിനിമയിൽ നിന്നുള്ള 5 ചലച്ചിത്രങ്ങൾ ഉൾപ്പെടെ 25 ചലച്ചിത്രങ്ങൾ തിരഞ്ഞെടുത്തു. ഇന്ത്യൻ പനോരമ 2024ലെ ഉദ്ഘാടന ചിത്രമായി രൺദീപ് ഹൂഡ സംവിധാനം ചെയ്ത 'സ്വതന്ത്ര്യ വീർ സവർക്കർ (ഹിന്ദി)', ജൂറി തെരഞ്ഞെടുത്തു .കൂടാതെ, 262 ചിത്രങ്ങളുടെ പട്ടികയിൽ നിന്ന് തിരഞ്ഞെടുത്ത 20 നോൺ ഫീച്ചർ ചലച്ചിത്രങ്ങളും ഇന്ത്യൻ പനോരമയിൽ പ്രദർശിപ്പിക്കും. പ്രദർശനത്തിനായി തിരഞ്ഞെടുത്തിട്ടുള്ള ഈ നോൺ ഫീച്ചർ ഫിലിമുകൾ, സമകാലിക ഇന്ത്യൻ മൂല്യങ്ങൾ രേഖപ്പെടുത്താനും അന്വേഷിക്കാനും വിനോദ രൂപത്തിൽ പ്രതിഫലിപ്പിക്കാനുമുള്ള പ്രമുഖരും നവാഗതരുമായ ചലച്ചിത്ര സംവിധായകരുടെ കഴിവിനെ എടുത്തു കാണിക്കുന്നു. നോൺഫീച്ചർ വിഭാഗത്തിലെ ഉദ്ഘാടന ചിത്രമായി ഹർഷ് സംഗാനി സംവിധാനം ചെയ്ത 'ഘർ ജൈസ കുച്ച് (ലഡാഖി)' ജൂറി തെരഞ്ഞെടുത്തു .ചലച്ചിത്ര സംവിധായകനും നടനും തിരക്കഥാകൃത്തുമായ ഡോ. ചന്ദ്രപ്രകാശ് ദ്വിവേദിയാണ് ഫീച്ചർ ഫിലിം ജൂറിയുടെ അധ്യക്ഷൻ. വൈവിധ്യമാർന്ന ഇന്ത്യൻ ചലച്ചിത്ര രംഗത്തെ സമഗ്രമായി പ്രതിനിധീകരിക്കുന്നതാണ് ജൂറിയിലെ അംഗങ്ങൾ. പ്രശംസ നേടിയ സിനിമകളെ വ്യക്തിഗതമായി പ്രതിനിധീകരിക്കുന്നവരും, പ്രശസ്തരായ സിനിമാ പ്രൊഫഷണലുകളുമായ പന്ത്രണ്ട് അംഗങ്ങളാണ് ഫീച്ചർ ജൂറിയിൽ അംഗങ്ങളായുള്ളത്.

## കൊച്ചി സ്പൈസ് കോസ്റ്റ് മാരത്തൺ: സ്പെഷ്യൽ മെട്രോ സർവീസ്

**കൊച്ചി:** കൊച്ചി സ്പൈസ് കോസ്റ്റ് മാരത്തൺ 2024ന്റെ ഭാഗമായി ഫാമിലി ഫൺ റണ്ണേഴ്സിന്റെ സൗകര്യാർഥം നാളെ രാവിലെ അഞ്ച് മണിക്ക് ആലുവയിൽ നിന്ന് എംജി റോഡിലേക്കും തൃപ്പൂണിത്തുറയിൽ നിന്ന് എംജി റോഡിലേക്കും ഓരോ സ്പെഷ്യൽ മെട്രോ സർവീസ് ഉണ്ടായിരിക്കുമെന്ന് കെഎംആർഎൽ അറിയിച്ചു. തുടർന്ന് സാധാരണ ദിവസങ്ങളിലേതു പോലെ 07.30നായിരിക്കും സർവീസ് പുനരാരംഭിക്കുന്നത്. മാരത്തണിൽ പങ്കെടുക്കുന്നവർ കൊച്ചി മെട്രോ ടിക്കറ്റ് കൗണ്ടറിൽ ബിബ് കാണിച്ചു സൗജന്യമായി യാത്ര ചെയ്യാം. എംജി റോഡ് മെട്രോ സ്റ്റേഷനിൽ നിന്ന് മറൈൻ ഡ്രൈവിലെ വേദിയിലേക്ക് മാരത്തോണിൽ പങ്കെടുക്കുന്നവരെ കൊണ്ടുപോകാൻ രണ്ട് ലോഫ്‌ലോർ വോൾവോ ബസുകളും ക്രമീകരിച്ചിട്ടുണ്ട്.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശു വികസന വകുപ്പിനു കീഴിലുള്ള ഐ സി ഡി എസ് പ്രോജക്ടിലെ 122 അങ്കണവാടികൾക്ക് വിവിധ കണ്ടിജൻസി സാധനങ്ങൾ വിതരണം ചെയ്യുന്നതിന് വ്യക്തികൾ / സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി നവംബർ 11 ഫോൺ: 0485 2814205

**കൊച്ചി:** വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള കിഴക്കമ്പലം പഞ്ചായത്തിൽ മനയ്ക്കുമുലയിൽ പ്രവർത്തിക്കുന്ന പകൽ വീട്ടിലേയ്ക്ക് ഗുണഭോക്താക്കളെ കൊണ്ടു വരുന്നതിനും തിരികെ കൊണ്ടു പോകുന്നതിനും 2024 ഡിസംബർ ഒന്നു മുതൽ 2025 നവംബർ 30 വരെയുള്ള കാലയളവിൽ നിബന്ധനകൾക്ക് വിധേയമായി ഡ്രൈവർ ഉൾപ്പെടെ വാഹനം വാടകയ്ക്ക് ലഭ്യമാക്കുന്നതിന് ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തിയതി നവംബർ ഒന്നിന് ഉച്ചയ്ക്ക് രണ്ടു വരെ. ഫോൺ: 0484 2677209.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഐ എസ് എൽ : അടിതെറ്റി കൊമ്പന്മാർ

**കൊച്ചി:** കരുത്തരായ ബംഗളൂരു എഫ്സിക്കെതിരെ കേരള ബ്ലാസ്റ്റേഴ്സിന് തോൽവി. 31നാണ് തോൽവി. തകർപ്പൻ കളി പുറത്തെടുത്ത ബ്ലാസ്റ്റേഴ്സ് അവസാന നിമിഷമാണ് തോൽവി വഴങ്ങിയത്. ഐഎസ്എൽ പത്താം സീസണിലെ രണ്ടാം തോൽവിയാണ്. ജോർജ് പെരേര ഡയസിന്റെ ഗോളിൽ ബംഗളൂരുവാണ് ലീഡ് നേടിയത്. എന്നാൽ ഹെസ്യൂസ് ഹിമിനെസിന്റെ പെനൽറ്റി ഗോളിൽ ബ്ലാസ്റ്റേഴ്സ് ഒപ്പമെത്തി. എന്നാൽ അവസാന ഘട്ടത്തിൽ പകരക്കാരനായെത്തിയ എഡ്ഗാർ മെൻഡിസ് ഇരട്ടഗോളുമായി ബംഗളൂരുവിന് ജയമൊരുക്കി.

മുഹമ്മദൻസിനെതിരെ കളിച്ച ടീമിൽ മൂന്ന് മാറ്റങ്ങളാണ് കോച്ച് മിക്കേൽ സ്റ്റാറേ വരുത്തിയത്. മുന്നേറ്റത്തിൽ നോഹ സൂദയിക്ക് പകരം ക്വാമി പെപ്രയെത്തി. രാഹുൽ കെപി, മുഹമ്മദ് അസ്ഹർ എന്നിവരും പുറത്തിയിരുന്നു. ഡാനിഷ് ഫാറൂഖും റുയ്വ ഹോർമിപാമുമെത്തി. ഗോൾവലയ്ക്ക് മുന്നിൽ സോംകുമാർ തുടർന്നു. പ്രതിരോധത്തിൽ ഹോർമിപാം, സന്ദീപ് സിങ്, പ്രീതം കോട്ടൽ, നവോച്ച സിങ്. മധ്യനിരയിൽ അഡ്രിയാൻ ലൂണ, വിബിൻ മോഹനൻ, അലെക്സാൻഡ്രെ കൊയെഫ്, ഡാനിഷ് ഫാറൂഖ്. മുന്നേറ്റത്തിൽ ഹെസ്യൂസ് ഹിമിനെസും പെപ്രയും. ബംഗളൂരു ഗോൾമുഖത്ത് ഗുർപ്രീത് സിങ് സന്ധു. പ്രതിരോധത്തിൽ രാഹുൽ ബെക്കെ, അലെക്സാണ്ടർ




യൊവാനോവിച്ച്, നിഖിൽ പൂജാരി, റോഷൻ സിങ്. മധ്യനിരയിൽ പെഡ്രോ കാപോ, ആൽബെർട്ടോ നൊഗുവേര, സുരേഷ് സിങ്, വിനിത് വെങ്കിടേഷ്. മുന്നേറ്റത്തിൽ സുനിൽ ഛേത്രിയും ജോർജ് പെരേര ഡയസും.

ആദ്യ നിമിഷത്തിൽ ബംഗളൂരുവിന്റെ അപകടകരമായ നീക്കത്തെ കൊയെഫ് കോർണർ വഴങ്ങി തടഞ്ഞു. എട്ടാം മിനിറ്റിൽ പ്രീതം കോട്ടലിന്റെ പിഴവിൽ ബംഗളൂരു മുന്നിലെത്തി. കൊയെഫിന്റെ ബാക്ക് പാസ് സ്വീകരിച്ച കോട്ടലിന് പിഴച്ചു. പന്തിൽ നിന്നുള്ള നിയന്ത്രണം നഷ്ടമായി. പന്ത് ഡയസിന്റെ കാലിൽ. ഗോൾ കീപ്പർ മാത്രം മുന്നിൽ നിൽക്കെ ഡയസ് പന്ത് വലയിലേക്ക് കോരിയിട്ടു. (10).ഗോൾ വഴങ്ങിയശേഷം ബ്ലാസ്റ്റേഴ്സിന്റെ പ്രത്യാക്രമണമായിരുന്നു കളത്തിൽ. ഹിമിനെസിന്റെ ലോങ് റേഞ്ചർ ഗോൾ കീപ്പർ ഗുർപ്രീത് സിങ് സന്ധുവിന്റെ കൈയിലും ക്രോസ് ബാറിലും തട്ടിത്തെറിച്ചു. പെപ്രയുടെ രണ്ട് നീക്കങ്ങൾ ഗോളി തടഞ്ഞു. 24ാം മിനിറ്റിൽ നവോച്ചയുടെ ക്രോസ് ലക്ഷ്യം തെറ്റിപറന്നു. ബ്ലാസ്റ്റേഴ്സ് അനായാസം മുന്നേറിയെങ്കിലും ബംഗളൂരു പ്രതിരോധം ഉറച്ചുനിൽക്കുകയായിരുന്നു.

ബ്ലാസ്റ്റേഴ്സ് അലപോലുള്ള നീക്കങ്ങളെ ഏറെ നേരം തടയാനായില്ല. കളിയിലെ ഏറ്റവും മനോഹരമായ നീക്കം ബംഗളൂരു പ്രതിരോധത്തെ തകർത്തു. പ്രത്യാക്രമണത്തിൽനിന്നായിരുന്നു ഗോൾ. ഹിമിനെസ് തട്ടിയിട്ട പന്ത് നവോച്ച ഏറ്റുവാങ്ങി. മുന്നിൽ കുതിക്കുകയായിരുന്ന പെപ്രയിലേക്ക്. രണ്ട് പ്രതിരോധനിരക്കാരെ പിന്നിലാക്കി പെപ്ര കുതിച്ചു. ബോക്സിൽ കയറി. സന്ധു മാത്രം മുന്നിൽ നിൽക്കെ ഗോളിനായി ശ്രമിച്ച ഈ സ്ട്രൈക്കറെ ബെക്കെ പിന്നിൽനിന്ന് കാല് വച്ച് വീഴ്ത്തി. ബെക്കെയ്ക്കും മഞ്ഞക്കാർഡും ബ്ലാസ്റ്റേഴ്സിന് അനുകൂലമായി പെനൽറ്റിയും. കിക്ക് എടുത്ത ഹിമിനെ സിന്റെ വലംകാൽ കൊണ്ടുള്ള മനോഹരമായ ഷോട്ട്

സന്ധുവിനെ കാഴ്ചക്കാരനാക്കി ബംഗളുരുവിന്റെ വലയിൽ പതിച്ചു സ്കോർ (11) തുടർച്ചയായ മൂന്നാം കളിയിലാണ് സ്പാനിഷുകാരൻ ഗോളടിക്കുന്നത്. ലീഗിലെ നാലാം ഗോൾ. സീസണിൽ ആദ്യമായാണ് ബംഗളൂരു ഗോൾ വഴങ്ങിയത്.

ഇടവേളയ്ക്കുശേഷം ബ്ലാസ്റ്റേഴ്സ് വേഗംകുറച്ചില്ല. എന്നാൽ കളിയുടെ 74ാം മിനിറ്റിൽ വരുത്തിയ മറ്റൊരു പിഴവ് ആരാധകർക്ക് നിരാശ പകർന്നു. നെഗുവോരയുടെ അപകടകരമല്ലാത്ത ഫ്രീകിക്ക് കൃത്യമായി സോംകുമാറിന്റെ കൈയിലേക്കായിരുന്നു.എന്നാൽ ഗോൾ കീപ്പർക്ക് പന്ത് പിടിയിലൊതുക്കാനായില്ല. ഊർന്നുവീണ പന്ത് പകരക്കാരനായെത്തിയ എഡ്ഗാൻ മെൻഡെസ് വലംകാൽ ഷോട്ടിലൂടെ ബ്ളാസ്റ്റേഴ്സിന്റെ വലയിലെത്തിച്ചു. സ്കോർ (21).

ഇതിനിടെ സന്ദീപിന് പകരം രാഹുലും കൊയെഫിന് പകരം ഡ്രിൻസിച്ചുമെത്തി. സമനില പിടിക്കാനുള്ള അവസരം പെപ്രയ്ക്ക് മുതലാക്കാനായില്ല. അവസാന നിമിഷം മൂന്ന് ശ്രമങ്ങൾ സന്ധു തടഞ്ഞു. ഗോൾ തിരിച്ചടിക്കാനുള്ള ശ്രമങ്ങൾക്കിടെയാണ് ബ്ലാസ്റ്റേഴ്സ് മൂന്നാംഗോൾ വഴങ്ങിയത്. മുന്നിൽക്കയറി വന്ന സോംകുമാറിന് മെൻഡെസിനെ തടയാനായില്ല. സ്കോർ (31) നവംബർ മൂന്നിന്മുംബൈ സിറ്റിയുമായാണ് അവരുടെ ഗ്രൗണ്ടിലാണ് അടുത്ത കളി.

## ഒരു ലക്ഷം ഒരു ലക്ഷ്യം; ബൃഹത് നേത്രദാന പദ്ധതിയുമായി സംസ്ഥാന സ്കൂൾ കായികമേള

**തിരുവനന്തപുരം:** സംസ്ഥാന സ്കൂൾ കായിക മേളയോടനുബന്ധിച്ച് നേത്രദാനത്തിന്റെ പ്രാധാന്യം വിദ്യാർത്ഥികളിലേക്കും പൊതുജനങ്ങളിലേക്കും എത്തിക്കാനും അതുവഴി നേത്രദാനത്തിന് സജ്ജരാക്കാനും ലക്ഷ്യമിട്ട് ഒരു ലക്ഷ്യം ഒരു ലക്ഷ്യം! ബൃഹത് നേത്രദാന പദ്ധതി മെഡിക്കൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപ്പിലാക്കും.

ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷിന്റെ ചേമ്പറിൽ നടന്ന ആലോചനാ യോഗത്തിൽ മെഡിക്കൽ കമ്മിറ്റി ചെയർമാൻ എൽദോസ് കുന്നപ്പള്ളി എം.എൽ.എയാണ് പദ്ധതിയുടെ പ്രഖ്യാപനം നടത്തിയത്. നേത്രദാനത്തിനുള്ള സന്നദ്ധത അറിയിച്ച കളക്ടറും എം.എൽ.എയും സമ്മതപത്രം കൈമാറി പദ്ധതിക്ക് തുടക്കം കുറിച്ചു.

ഏഷ്യയിലെ തന്നെ വിദ്യാർത്ഥികളുടെ ഏറ്റവും വലിയ കായിക മേളയുടെ മഹത്വം വർധിപ്പിക്കുക, മനുഷ്യത്വത്തിന്റെയും പങ്കുവെക്കലിന്റെയും ഇടമാക്കി മാറ്റുക എന്ന ലക്ഷ്യങ്ങളോടെയാണ് പദ്ധതി നടപ്പിലാക്കുന്നതെന്ന് എം.എൽ.എ പറഞ്ഞു.വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ, കായിക താരങ്ങളടക്കമുള്ള സമൂഹത്തിലെ മുഴുവനാളുകളും ഈ ക്യാമ്പയിനുമായി സഹകരിക്കണമെന്ന് കളക്ടർ കൂട്ടിച്ചേർത്തു.

സംസ്ഥാനത്തെ വിവിധ നേത്ര ബാങ്കുകളുമായി സഹകരിച്ചാണ് ഒരു ലക്ഷ്യം ഒരു ലക്ഷ്യം പദ്ധതി നടപ്പാക്കുന്നത്. ഇതിനായി മെഡിക്കൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ മുഴുവൻ വേദികളിലും പ്രത്യേക കൗണ്ടറുകൾ സജ്ജമാക്കും. ബോധവൽക്കരണ ക്ലാസ്സുകളും നേത്രദാനത്തിനുള്ള

രജിസ്ട്രേഷൻ സൗകര്യങ്ങളും ലഭ്യമാക്കും. ഇതിനുപുറമേ ഓൺലൈനായി രജിസ്റ്റർ ചെയ്യാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. താല്പര്യമുള്ളവർക്ക് https://forms.gle/796TycmRnAwfo5c47 എന്ന ലിങ്കിലൂടെ രജിസ്റ്റർ ചെയ്യാവുന്നതാണ്.

ആലോചന യോഗത്തിൽ മെഡിക്കൽ കമ്മിറ്റി വൈസ് ചെയർമാൻ എൻ.എ സലിം ഫാറൂഖി, ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർ ഹണി ജി. അലക്സാണ്ടർ, ജില്ലോ മെഡിക്കൽ ഓഫീസർമാർ, നേത്ര ബാങ്ക് പ്രതിനിധി പി.വി പ്രദീപ് തുടങ്ങിയവർ പങ്കെടുത്തു.



92ാമത് ശിവഗിരി തീർത്ഥാടന കമ്മിറ്റി ഓഫീസ് ശിവഗിരി അതിഥി മന്ദിരത്തിൽ ധർമ്മസംഘംട്രസ്റ്റ് പ്രസിഡൻറ് സച്ചിദാനന്ദ സ്വാമി ഉദ്ഘാടനം ചെയ്തപ്പോൾ. സ്വാമി ശുഭാംഗാനന്ദ, , സ്വാമി ഋതംഭരാനന്ദ, സ്വാമി ശങ്കരാനന്ദ, സ്വാമി ശിവനാരായണതീർത്ഥ, എന്നിവർ സമീപം.

## തീർത്ഥാടനകമ്മിറ്റി ഓഫീസ് ഉദ്ഘാടനം ചെയ്തു

**ശിവഗിരി :** തൊണ്ണൂറ്റിരണ്ടാമത് ശിവഗിരി തീർത്ഥാടന കാലം ഡിസംബർ 15 ന് ആരംഭിച്ച് ജനുവരി 5 വരെയ തുടരും. ശിവഗിരിയിൽ തീർത്ഥാടന ഒരുക്കങ്ങളായി. ഇന്നലെ (25102024) മഠം വക അതിഥി മന്ദിരത്തിൽ തീർത്ഥാടനകമ്മിറ്റി ഓഫീസ് പ്രവർത്തനം തുടങ്ങി.

ധർമ്മസംഘംട്രസ്റ്റ് പ്രസിഡൻറ് സച്ചിദാനന്ദ സ്വാമി കമ്മിറ്റി ഓഫീസ് ഉദ്ഘാടനം ചെയ്തു. വൈക്കം സത്യാഗ്രഹ ശതാബ്ദി ആലുവ സർവ്വമത സമ്മേളനം ശതാബ്ദി, മഹാകവി കുമാരനാശാൻ ദേഹവിയോഗ ശതാബ്ദി, കഥാപ്രസംഗ ശതാബ്ദി തുടങ്ങിയ ചരിത്രപ്രാധാന്യമേറിയ വിഷയങ്ങളിൽ സമ്മേളനങ്ങൾ മുഖ്യഇനമാകും. ഡിസംബർ 15 മുതൽ സമ്മേളനങ്ങളും പ്രഭാഷണങ്ങളും കലാപരിപാടികളും ഉണ്ടാകും. ധർമ്മസംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ, തീർത്ഥാടന കമ്മിറ്റി സെക്രട്ടറി സ്വാമി ഋതംഭരാനന്ദ, സ്വാമി ശിവനാരായണതീർത്ഥ, സ്വാമി ശങ്കരാനന്ദ, സ്വാമി അംബികാനന്ദ, സ്വാമി വിരജാനന്ദ ഗിരി, സ്വാമി സത്യാനന്ദ തീർത്ഥ തുടങ്ങിയവരും ബ്രഹ്മചാരികളും തീർത്ഥാടന കമ്മിറ്റി ഭാരവാഹികളും ചടങ്ങിൽ സംബന്ധിച്ചു.

# സംസ്ഥാനത്ത് സമഗ്ര കന്നുകാലി ഇൻഷുറൻസ് നടപ്പാക്കും: മന്ത്രി ജെ.ചിഞ്ചുറാണി

**കണ്ണൂർ:** സംസ്ഥാനത്ത് സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതി നടപ്പാക്കുമെന്ന് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി. മൃഗസംരക്ഷണ വകുപ്പിന്റെ കണ്ണൂർ, മേഖലാ രോഗനിർണയ ലബോറട്ടറിയിലെ മൈക്രോബയോളജി, ബയോടെക്നോളജി വിഭാഗം ഉദ്ഘാടനവും 'ഗോവർധിനി' പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനവും ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. കേന്ദ്രത്തിന്റെ 52 കോടിയും കേരളത്തിന്റെ 40 ശതമാനം ഫണ്ടും ഉപയോഗിച്ച് സംസ്ഥാനത്തെ മുഴുവൻ പശുക്കളെയും ഇൻഷുറൻസ് പദ്ധതിയുടെ ഭാഗമാക്കും. അടുത്ത മൂന്നു വർഷക്കാലം കൊണ്ട് ഇൻഷുറൻസ് പദ്ധതി പൂർത്തിയാക്കുമെന്നും മന്ത്രി പറഞ്ഞു.

മൃഗസംരക്ഷണ മേഖലയിലെ ഉത്പാദന മികവ് ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് ഗോവർധിനിയെന്ന് മന്ത്രി പറഞ്ഞു. നാല് മാസത്തിനും ആറ് മാസത്തിനുമിടയിലുള്ള, തെരഞ്ഞെടുക്കുന്ന കന്നുകുട്ടികൾക്ക് 30 മാസം വരെ മികച്ച ആരോഗ്യ സുരക്ഷ നൽകും. ആവശ്യമായ തീറ്റ 50 ശതമാനം സബ്സിഡി നിരക്കിൽ നൽകുകയും ചെയ്യും. 2024 25 സാമ്പത്തിക വർഷത്തിൽ 37,589 കന്നുകുട്ടികൾക്ക് ആനുകൂല്യം ലഭിക്കുന്നുണ്ട്. ഇതിൽ 3,500 കന്നുകുട്ടികൾക്കുള്ള ആനുകൂല്യം ലഭിക്കുന്നത് കണ്ണൂർ ജില്ലയിലാണെന്നും മന്ത്രി പറഞ്ഞു.

ഗോവർധിനി പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം ക്ഷീരകർഷകൻ സുരേഷ്ബാബുവിന് പദ്ധതിയുടെ പാസ്ബുക്ക് നൽകി മന്ത്രി നിർവ്വഹിച്ചു.

മൃഗസംരക്ഷണ വകുപ്പിൽ നൂതന സംരംഭങ്ങൾ ആരംഭി ക്കുമെന്നും മന്ത്രി പറഞ്ഞു. മനുഷ്യരെ സംരക്ഷിക്കുന്നതുപോലെ മൃഗങ്ങളുടെ സംരക്ഷണത്തിനായി ഹെൽത്ത് കാർഡ് യാഥാർത്ഥ്യമാക്കും. കേരളത്തിലെ മുഴുവൻ ബ്ലോക്കുകളിലും വെറ്ററിനറി ആംബുലൻസുകൾ നൽകും.

ആദ്യഘട്ടമായി കണ്ണൂരിലെ രണ്ട് ബ്ലോക്കുകളിൽ ഉൾപ്പെടെ സംസ്ഥാനത്തെ 29 ബ്ലോക്കുകളിൽ വാഹനം എത്തിച്ചതായും മന്ത്രി പറഞ്ഞു. 1962 നമ്പറിൽ ബന്ധപ്പെട്ടാൽ രാത്രിയിലും കർഷകന്റെ വീട് മുറ്റത്ത് മെഡിക്കൽ സംഘം ഉൾപ്പെടുന്ന ആംബുലൻസ് സൗകര്യം ലഭ്യമാകുമെന്നും മന്ത്രി പറഞ്ഞു. പന്നിപ്പനി, പക്ഷിപ്പനി, ആഫ്രിക്കൻ പന്നിപ്പനി ഉൾപ്പെടെയുള്ള രോഗങ്ങൾ പരിശോധിക്കാൻ മേഖലാ രോഗനിർണ്ണയ ലബോറട്ടറിയിലെ സംവിധാനങ്ങൾ വഴി സാധിക്കുമെന്നും മന്ത്രി പറഞ്ഞു.

മൃഗസംരക്ഷണ വകുപ്പിന്റെ മലബാർ മേഖലയിലെ ഏക റഫറൽ ലബോറട്ടറിയാണ് കണ്ണൂർ മേഖലാ രോഗനിർണയ ലബോറട്ടറി. നിലവിൽ പാത്തോളജി, മോളിക്യുലാർ ബയോളജി വിഭഗങ്ങളാണ് ഇവിടെ പ്രവർത്തിക്കുന്നത്. റിയൽ ടൈം പി സി ആർ ഉപയോഗിച്ച് മൃഗങ്ങളിലെ ബാക്ടീരിയ, വൈറസ്, ഫംഗസ്, പ്രോട്ടോസോവ എന്നിവ മൂലമുണ്ടാകുന്ന രോഗങ്ങളുടെ നിർണയവും വെറ്ററിനറി പബ്ലിക്ക് ഹെൽത്തുമായി ബന്ധപ്പെട്ട മൈക്രോ ബയോളജി വിഭാഗവുമാണ് ഇപ്പോൾ സജ്ജമാക്കിയിട്ടുള്ളത്.

രജിസ്ട്രേഷൻ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അധ്യക്ഷനായി. ഡോ. വി ശിവദാസൻ എം.പി, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. ബിനോയ് കുര്യൻ എന്നിവർ വിശിഷ്ടാതിഥികളായി. മേഖലാ രോഗനിർണയ ലബോറട്ടറി ഡെപ്യൂട്ടി ഡയറക്ടർ ഡോ. ഇ.കെ പ്രീത റിപ്പോർട്ട് അവതരിപ്പിച്ചു.

എൽ എം ടി സി മുണ്ടയാട് പ്രിൻസിപ്പൽ ട്രെയിനിങ് ഓഫീസർ ഡോ.ഒ.എം അജിത, ജില്ലാ മൃഗസംരക്ഷണ ഓഫീസ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. എം വിനോദ് കുമാർ, എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർ ഡോ. കെ ഷൈനി, ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. വി. പ്രശാന്ത്, ജില്ലാ വെറ്ററിനറി കേന്ദ്രം ചീഫ് വെറ്ററിനറി ഓഫീസർ ഡോ. പി.കെ പത്മരാജ്, ജനപ്രതിനിധികൾ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

പരിപാടിയുടെ ഭാഗമായി 'രോഗനിർണയംനൂതന സാങ്കേതിക വിദ്യകളും സാധ്യതകളും', 'രോഗനിർണയത്തിൽ ലബോറട്ടറികളുടെ പ്രസക്തി' എന്നീ വിഷയങ്ങളിൽ ഡോ. പി.എസ് സൂര്യ, ഡോ. വർഷ മേരി മത്തായി, ഡോ. അനിൽ കുമാർ നായർ എന്നിവരുടെ നേതൃത്വത്തിൽ സെമിനാറുകൾ നടന്നു.

# ഗവേഷണത്തിനും വികസനത്തിനും പ്രത്യേക ആക്ഷൻ പ്ലാൻ വേണമെന്ന് വിഷൻ കേരള പാനൽ ചർച്ച



**തിരുവനന്തപുരം:** ലോകോത്തര നിലവാരമുള്ള ഗവേഷണ വികസന അന്തരീക്ഷമാണ് കേരളത്തിന് ആവശ്യമെന്നും ഇതിനാവശ്യമായ നയരൂപീകരണം നടത്തണമെന്നും വിഷൻ കേരള പാനൽ.

ടൈക്കോൺ കേരള സമ്മേളനത്തിന് മുന്നോടിയായി വ്യവസായ വിദഗ്ധരെയും നൂതനാശയ വിദഗ്ധരെയും പങ്കെടുപ്പിച്ച് സംഘടിപ്പിച്ച വിഷൻ കേരള പാനലാണ് കേരളത്തിന്റെ വളർച്ചയ്ക്ക ആവശ്യമായ നിർദേശങ്ങൾ മുന്നോട്ട് വച്ചത്. കേരളത്തിലെ ഗവേഷണ വികസന വിഷയങ്ങൾ ആഗോള തലത്തിലേക്ക് ഉയർത്താൻ തന്ത്രപരമായ സമീപനങ്ങൾ കൈക്കൊള്ളണമെന്നും ഗവേഷണ മേഖലയിലെ പ്രധാന വെല്ലുവിളികളും അവസരങ്ങളും ചർച്ച ചെയ്യണമെന്നും വിഷൻ കേരള പാനൽ നിർദേശിച്ചു.

ചർച്ചയുടെ ഭാഗമായ 55 അംഗങ്ങളും ഇതിനാവശ്യമായ നിർദേശങ്ങളും മുന്നോട്ട് വച്ചു. ഡിസംബർ 4,5 തീയതികളിൽ ഗ്രബ്ന്ദ് ഹയാത്തിൽ നടക്കുന്ന ടൈക്കോൺ കേരള സമ്മേളനത്തിന് മുന്നോടിയായാണ് പാനൽ ചർച്ച സംഘടിപ്പിച്ചത്.

ടൈ കേരള പ്രസിഡന്റ് ജേക്കബ് ജോയ് അധ്യക്ഷത വഹിച്ചു. ചാർട്ടർ മെമ്പർ റോയ് വർഗീസ് സ്വാഗതം പറഞ്ഞു. സി ടി ഐ എം എസ് ടി ശാസ്ത്രജ്ഞനും ടിമെഡ് മെഡ്ടെക് ഇൻക്യൂബേറ്റർ സ്ഥാപകനും സി ഇ ഒയുമായ ബൽറാം ശങ്കരൻ മേഡറേറ്ററായിരുന്നു. എങ്ങനെ സാധിക്കും എന്നതിനപ്പുറം നമുക്ക് കഴിയും എന്ന തരത്തിലേക്ക് കേരളത്തിന്റെ മനഃസ്ഥിതി മാറണമെന്ന് അമൃത സ്കൂൾ ഓഫ് ബയോടെക്നോളജി പ്രൊഫസറും ഡീനുമായ ഡോ. ബിപിൻ നായർ ചൂണ്ടിക്കാട്ടി.

ഏറെ സാധ്യതകളുണ്ടായിട്ടും മെഡിക്കൽ, ബയോളജിക്കൽ ഗവേഷണങ്ങളിൽ കേരളം മറ്റുള്ളവരെ അപേക്ഷിച്ച് പിന്നിലാണെന്ന് അദ്ദേഹം പറഞ്ഞു.ഓട്ടോമോട്ടീവ് മേഖലയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും . വികസിച്ചുകൊണ്ടിരിക്കുന്ന ഈ മേഖല സംസ്ഥാനത്തെ സാങ്കേതിക പ്രതിഭകൾക്ക് ആഗോള മുദ്ര പതിപ്പിക്കുന്നതിന് വിപുലമായ സാധ്യതകൾ പ്രദാനം ചെയ്യുന്നുവെന്നും ആക്സിയ ടെക്നോളജീസ് സ്ഥാപകനും സി ഇ ഒയുമായ ജിജിമോൻ ചന്ദ്രൻ വ്യക്തമാക്കി.

നാസ, സ്പേസ് എക്സ്, ഇസ്രോ തുടങ്ങിയ വൻകിട ഉപഭോക്താക്കൾക്ക് ഒപ്റ്റോ ഇലക്ട്രോണിക് ഉത്പന്നങ്ങൾ വിജയകരമായി കയറ്റുമതി ചെയ്യാൻ കഴിയുന്നുണ്ടെന്ന് വിൻവിഷ് ടെക്നോളജീസ് സി ഒ ഒ പയസ് വർഗീസ് പറഞ്ഞു.

മത്സരാധിഷ്ഠിത ബിസിനസ് രംഗത്ത് ഗവേഷണ വികസനത്തിനാണ് നിലനിൽപിന് ആവശ്യമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ബയോ ടെക്നോളജി മേഖലയിൽ മുന്നേറ്റം സാധ്യമാകണമെന്ന ഇന്ത്യയുടെ ബയോ ഇ 3 നയം ചോണ്ടികാട്ടി കേരള ബയോടെക്നോളജി കമ്മീഷൻ ശാസ്ത്രജ്ഞ ഡോ. എ ആർ ശാരിക പറഞ്ഞു.

ആഗോളതലത്തിൽ മുന്നേറ്റം സാധ്യമായ മേഖലകൾ കേരളം കണ്ടെത്തണമെന്ന് പാനലിസ്റ്റുകൾ ഏക സ്വരത്തിൽ അഭിപ്രയപ്പെട്ടു. കിംസ് ഹെൽത്ത് ആർ ആൻഡ് ഡി മേധാവി ഡോ. പ്രവീൺ മുരളീധരൻ നന്ദി പറഞ്ഞു.

# മുട്ട, പാൽ ഉൽപാദനത്തിൽ കേരളം സ്വയം പര്യാപ്തതയിലേക്ക്

**കണ്ണൂർ:** മുട്ടയുടെയും പാലിന്റെയും ഉൽപാദനത്തിൽ കേരളം സ്വയം പര്യാപ്തതയിലേക്ക് നീങ്ങികൊണ്ടിരിക്കുകയാണെന്ന് മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി. മുണ്ടയാട് മേഖലാ കോഴിവളർത്തൽ കേന്ദ്രത്തിൽ പുതുതായി പണികഴിപ്പിച്ച ഇരുനില പൗൾട്രി ഷെഡിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. മുട്ടക്കും പാലിനും വേണ്ടി അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവന്ന അവസ്ഥയ്ക്ക് സംസ്ഥാനത്ത് വലിയ മാറ്റം വന്നെന്നും മന്ത്രി പറഞ്ഞു.

രജിസ്ട്രേഷൻ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അധ്യക്ഷത വഹിച്ചു. മുണ്ടയാട് മേഖല കോഴി വളർത്തൽ കേന്ദ്രത്തിൽ 85 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ നിർമ്മാണം പൂർത്തീകരിച്ച ഇരുനില പൗൾട്രി ഷെഡിന്റെ ഉദ്ഘാടനമാണ് മന്ത്രി നിർവഹിച്ചത്. മുകളിലത്തെ നില 2000 കോഴിക്കുഞ്ഞുങ്ങളുടെ മാതൃശേഖരത്തെ വളർത്തുന്നതിനും രണ്ടാമത്തെ നില 1000 മുട്ടക്കോഴികളെ വളർത്തുന്നതിന് വേണ്ടിയുമാണ് സജ്ജമാക്കിയിരിക്കുന്നത്. ഇതിലൂടെ ഒരു വർഷം 1200 തൊഴിൽ ദിനങ്ങൾ അധികമായി സൃഷ്ടിക്കപ്പെടും.

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. ബിനോയ് കുര്യൻ, ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. വി പ്രശാന്ത്, ഡോ. പി.ഐ ദിവ്യ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ സംസാരിച്ചു.

# പശുക്കളുടെ സമഗ്ര വിവരങ്ങൾ അറിയാൻ ടാഗ് സംവിധാനം

**കണ്ണൂർ:**പശുക്കളുടെ സമഗ്ര വിവരങ്ങൾ അറിയാൻ ടാഗ് ചെയ്യുന്ന സംവിധാനം നടപ്പിലാക്കി വരുന്നതായി മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി പറഞ്ഞു. മൃഗസംരക്ഷണ വകുപ്പും പാട്യം പഞ്ചായത്തും ചേർന്ന് 12 ലക്ഷം രൂപ ചിലവഴിച്ച് നിർമ്മിച്ച പത്തായക്കുന്ന് വെറ്ററിനറി സബ് സെന്റർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

ക്ഷീര കർഷകർക്ക് മികച്ച സേവനങ്ങൾ ലഭ്യമാക്കാൻ ആധുനിക സൗകര്യങ്ങൾ നടപ്പിലാക്കി വരികയാണ്. ആശുപത്രികളിൽ ക്ഷീര കർഷകർക്ക് ഡോക്ടറുടെ സേവനം ലഭിക്കാൻ ഓൺലൈൻ സൗകര്യം ലഭ്യമാക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു

കെ.പി മോഹനൻ എം.എൽഎ അധ്യക്ഷനായി. ജില്ല മൃഗസംരക്ഷണ ഓഫീസർ ഡോ. വി പ്രശാന്ത് റിപ്പോർട്ട് അവതരിപ്പിച്ചു. പാട്യം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൻ.വി. ഷിനിജ, ജില്ല പഞ്ചായത്ത് വികസനകാര്യ സ്ഥിരം സമിതി ചെയർപേഴ്സൺ യുപി ശോഭ, പാട്യം പഞ്ചായത്ത് വൈസ് പ്രസിഡണ്ട് കെ പി പ്രദീപ്കുമാർ, ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരം സമിതി ചെയർപേഴ്സൺ ടി.ദാമോദരൻ, പഞ്ചായത്ത് വികസനകാര്യ സ്ഥിരം സമിതി ചെയർപേഴ്സൺ ടി സുജാത, പഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരം സമിതി ചെയർപേഴ്സൺ മുഹമ്മദ് ഫായിസ് അരൂൾ, പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി ചെയർമാൻ ശോഭ കോമത്ത്, പഞ്ചായത്തംഗം പി മജിഷ, ചീഫ് വെറ്ററിനറി ഓഫീസർ ഡോ.പി കെ പത്മരാജ്, ഡോ. വിനോദ് കുമാർ, സുജിത്ത് കുമാർ പയ്യമ്പള്ളി എന്നിവർ സംസാരിച്ചു. ചടങ്ങിൽക്ഷീര കർഷകരെ ആദരിച്ചു.

പത്തായക്കുന്ന് വെറ്ററിനറി സബ് സെന്ററിന് സ്വന്തമായൊരു കെട്ടിടം എന്ന പാട്യം പഞ്ചായത്തിലെ ക്ഷീരകർഷകരുടെ വർഷങ്ങളുടെ കാത്തിരിപ്പിനാണ് ഇതോടെ വിരാമമായത്. 1986ൽ പാട്യം പഞ്ചായത്തിലെ പത്തായക്കുന്നിൽ വാടക കെട്ടിടത്തിലായിരുന്നു സബ് സെന്റർ പ്രവർത്തനം ആരംഭിച്ചിരുന്നത്. തുടർന്ന് ഏഴു വർഷത്തോളമായി വാഗ്ഭടാനന്ദ സ്മാരകം മന്ദിരത്തിലാണ് പ്രവർത്തിച്ചിരുന്നത്. തുടർന്ന് മൃഗസംരക്ഷണ വകുപ്പിന്റെയും പാട്യം പഞ്ചായത്തിന്റെയും ശ്രമഫലമായാണ് പത്തായക്കുന്ന് വെറ്ററിനറി സബ് സെന്ററിന് പുതിയ കെട്ടിടം ഒരുങ്ങിയിരിക്കുന്നത്. 12 ലക്ഷം രൂപ ചിലവിലാണ് കെട്ടിടത്തിന്റെ നിർമ്മാണം. സ്വകാര്യ വ്യക്തി സംഭാവന ചെയ്ത മൂന്ന് സെന്റ് സ്ഥലത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത്.

# അന്താരാഷ്ട്ര കാലാവസ്ഥ പ്രവർത്തന ദിവസം ഉദ്ഘാടനം ചെയ്തു

**ബത്തേരി:** ജില്ലാ സോഷ്യൽ ഫോറസ്റ്റട്രി ഡിവിഷന്റെ ആഭിമുഖ്യത്തിൽ മീനങ്ങാടി പോളിടെക്നിക്ക് കോളേജിൽ അന്താരാഷ്ട്ര കാലാവസ്ഥ പ്രവർത്തന ദിവസം ആഘോഷിച്ചു. പരിപാടി വയനാട് സോഷ്യൽ ഫോറസ്റ്റട്രി ഡിവിഷൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ എം.ടി ഹരിലാൽ ഉദ്ഘാടനം ചെയ്തു. കാലാവസ്ഥ വ്യതിയാനത്തിൽ എഴുത്തുകാരനും പരിസ്ഥിതി പ്രവർത്തകനുമായ കെ സഹദേവൻ, സീനിയർ പത്രപ്രവർത്തകൻ എം.കെ രാമദാസ് എന്നിവർ ക്ലാസെടുത്തു. സോഷ്യൽ ഫോറസ്റ്റട്രിി കൽപ്പറ്റ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ രഞ്ജിത്ത് കുമാർ, പോളിടെക്നിക് കോളേജ് പ്രിൻസിപ്പാൾ എ.ടി ഷണ്മുഖം, ഫോറസ്റ്റട്രി ക്ലബ് ലീഡർ കുമാരി ആർഷ ഹരി, സോഷ്യൽ ഫോറസ്റ്റട്രി കൽപ്പറ്റ റെയിഞ്ച് ജീവനക്കാർ, വിദ്യാർത്ഥികൾ, അധ്യാപകർ എന്നിവർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# പാഷൻ ഫ്രൂട്ട്: പണം നേടാൻ പുതുവഴി



പല കൃഷികളും നഷ്ടക്കണക്കുകൾ മാത്രം സമ്മാനിച്ചപ്പോൾ കളംമാറി പഴവർഗ കൃഷിയിലേക്കും മറ്റും കടന്ന കർഷകർ സംസ്ഥാനത്ത് വ്യാപകമായുണ്ട്. റംബുട്ടാൻ, മാംഗോസ്റ്റിൻ, ഡ്രാഗൺ ഫ്രൂട്ട് ഉൾപ്പെടെയുള്ള പഴവർഗ കൃഷിയിലേക്കാണ് പലരും ചുവടുമാറ്റിയത്.

എന്നാൽ വലിയ കൃഷിച്ചെലവു കൂടാതെ മികച്ച വരുമാനം നേടാൻ കഴിയുന്ന പാഷൻഫ്രൂട്ട് കൃഷിയിലേക്ക് കടന്ന കർഷകർ നേടുന്നതാകട്ടെ മെച്ചപ്പെട്ട വരുമാനമാണ്. ശരാശരി വില എപ്പോഴും ലഭിക്കുമെന്നതാണ് പാഷൻ ഫ്രൂട്ടിൻറെ നേട്ടം.

ഹൈറേഞ്ചിലും ലോ റേഞ്ചിലും ഇപ്പോൾ പാഷൻഫ്രൂട്ട് കൃഷി വ്യാപകമാകുന്നുണ്ട്. അഞ്ചുസെൻറ് മുതൽ അഞ്ചേക്കറിൽ വരെ കൃഷി ചെയ്യുന്നവരുണ്ട്. സ്ഥലപരിമിതിയുള്ളവർ വീടുകളുടെ മട്ടുപ്പാവിൽ പന്തലിട്ട് ഇതിലേക്ക് വള്ളി പടർത്തി ഈ കൃഷിയിലൂടെ വരുമാനമുണ്ടാക്കുന്നുണ്ട്.

ആദ്യഘട്ടത്തിൽ കൃഷിക്കായി കുറച്ച് തുക ചെലവഴിക്കേണ്ടി വരുമെങ്കിലും പിന്നീട് ഏറെക്കാലം വരുമാനം നേടാൻ കഴിയുമെന്നതാണ് കർഷകരുടെ നേട്ടം. എഴുകുംവയൽ സ്വദേശിയായ തയ്യിൽ ജിൻറോ ജോർജ് ഒരേക്കറിൽ പാഷൻഫ്രൂട്ട് കൃഷി ചെയ്താണ് വരുമാനം നേടുന്നത്.

മറ്റു തന്നാണ്ടുവിളകൾ കൃഷി ചെയ്തെങ്കിലും പലതും നഷ്ടം വരുത്തിവച്ചപ്പോഴാണ് പാഷൻ ഫ്രൂട്ട് കൃഷി ചെയ്തത്. ഇപ്പോൾ ഒരേക്കറിൽനിന്നു മികച്ച വരുമാണ് ലഭിക്കുന്നത്. മഞ്ഞയും വയലറ്റും നിറത്തിലുള്ള പാഷൻ ഫ്രൂട്ടാണ് കൃഷി ചെയ്യുന്നത്.

വയലറ്റിന് 70 മുതൽ 75 വരെയും മഞ്ഞയ്ക്ക് 4550 എന്ന നിരക്കിലും വില ലഭിക്കും. വാഴയുൾപ്പെടെ മറ്റു പല കൃഷികളുമുണ്ടെങ്കിലും ഇപ്പോൾ ജിൻറോയ്ക്ക് പ്രധാനമായും വരുമാനം നേടിത്തരുന്നത് പാഷൻ ഫ്രൂട്ടാണ്. എല്ലാ ആഴ്ചയിലും ഇടനിലക്കാർ കൃഷിയിടത്തിലെത്തി പാഷൻഫ്രൂട്ട് വില നൽകി ശേഖരിക്കും. ഇവ കൊച്ചി ഉൾപ്പെടെയുള്ള മാളുകളിലും മറ്റുമാണ് വിൽപ്പന നടത്തുന്നത്.

ഇതിനു പുറമേ പാഷൻ ഫ്രൂട്ട് വിദേശ രാജ്യങ്ങളിലേക്കും വൻതോതിൽ കയറ്റുമതി ചെയ്യപ്പെടുന്നുണ്ട്. മാളുകളിലെത്തുമ്പോൾ പാഷൻഫ്രൂട്ടിൻറെ വില 250 മുതൽ 300 വരെയായി ഉയരും. പാഷൻഫ്രൂട്ട് ഉപയോഗിച്ചുള്ള മൂല്യവർധിത ഉത്പന്നങ്ങൾക്കും വിപണിയിൽ വലിയ ഡിമാൻറുണ്ട്. ഇവ നിർമിച്ച് കയറ്റുമതി ചെയ്യുന്ന വിവിധ സ്ഥാപനങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട്. കാന്തല്ലൂരിൽ ഉത്പാദിപ്പിക്കുന്ന പാഷൻഫ്രൂട്ടിനും വിപണിയിൽ വൻ ഡിമാൻഡുണ്ട്. കിലോയ്ക്ക് 4550 രൂപ നിരക്കിൽ വില ലഭിച്ചാൽ കൃഷി ലാഭകരമാണെന്ന് കർഷകർ പറയുന്നു. വിത്തുകൾ മുളപ്പിച്ചും തണ്ടുകൾ മുളപ്പിച്ച് തൈകളാക്കിയും പാഷൻ ഫ്രൂട്ട് നടാം. മഞ്ഞ, പിങ്ക്, നീല, വയലറ്റ് നിറങ്ങളിൽ പാഷൻ ഫ്രൂട്ടുണ്ടെങ്കിലും ഇതിൽ മഞ്ഞനിറമുള്ളതാണ് മെച്ചവും ഗുണപ്രദവുമെന്ന് കർഷകർ പറയുന്നു.

ഡയബറ്റിക് രോഗികൾ പാഷൻ ഫ്രൂട്ടിൻറെ ചാറും ഇലയിട്ടു തിളപ്പിച്ച വെള്ളവും രോഗശമനത്തിനായി ഉപയോഗിക്കുന്നുമുണ്ട്. ചെറിയ അധ്വാനത്തിലൂടെ മെച്ചപ്പെട്ട വരുമാനം നേടാനാവുമെന്നതാണ് പാഷൻ ഫ്രൂട്ട് കൃഷി ചെയ്യുന്നതിനായി കർഷകരെ പ്രേരിപ്പിക്കുന്ന ഘടകം. ഇതിനിടെ ഉത്പാദനം കൂടുന്പോൾ വില ഇടിച്ചുതാഴ്ത്താനുള്ള ശ്രമവും ഇടനിലക്കാരുടെ ഭാഗത്തുനിന്നുണ്ടാകുന്നതായി കർഷകർ ചൂണ്ടിക്കാട്ടി.

# പൈനാപ്പിൾ വിപണിയിൽ വീണ്ടും മധുരിക്കും കാലം

വിപണിയിൽ വീണ്ടും വില ഉയർന്നതോടെ പൈനാപ്പിൾ കർഷകർക്ക് ആശ്വാസവും പ്രതീക്ഷയും. കഴിഞ്ഞ ഡിസംബറിലെ വിലത്തകർച്ചയും മാർച്ച്മേയ് മാസങ്ങളിലെ പൊള്ളുന്ന ചൂടും അതിജീവിച്ച കർഷകർക്ക് ഇനി ആശ്വസിക്കാം.

നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി കിട്ടിയ വർധിച്ച ഡിമാൻഡാണ് വില വർധനയ്ക്കു കാരണം. സാഹചര്യങ്ങൾ അനുകൂലമായി തുടർന്നാൽ നവംബർ അവസാനം വരെ ഉയർന്ന വില ലഭിക്കുമെന്ന പ്രതീക്ഷയിലാണു കർഷകർ.

പൈനാപ്പിളിൻറെ പ്രധാന വിപണിയായ വാഴക്കുളത്ത് സ്പെഷൽ പച്ചയ്ക്ക് 56 രൂപയും പച്ചയ്ക്ക് 54 രൂപയും പഴത്തിനു 59 രൂപയുമാണ് വില. കാര്യമായ കുറവില്ലാത്ത വിലയ്ക്കായിരുന്നു ജില്ലയിലും കച്ചവടം. കഴിഞ്ഞ വർഷം ഇതേസമയം യഥാക്രമം 39, 37, 47 എന്നിങ്ങനെയായിരുന്നു വില.

അതേസമയം, ചില്ലറ വിപണിയിൽ വില ഇതിലുമേറെ ഉയരെയാണ്. എറണാകുളം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പൈനാപ്പിൾ കൃഷി നടക്കുന്ന ജില്ലകളിലൊന്നു കോട്ടയമാണ്. കഴിഞ്ഞ ഡിസംബറിൽ സ്പെഷൽ ഗ്രേഡ് പേ



ാലും കിലോയ്ക്കു 20 രൂപയ്ക്കു വിൽക്കേണ്ടി വന്നതു പല കർഷകരെയും പ്രതിസന്ധിയിലാക്കിയിരുന്നു. ഒരു ചക്ക വിൽപ്പനയ്ക്കു തയാറാകുമ്പോൾ 30 രൂപ ചെലവാകുമെന്നാണു കർഷകരുടെ കണക്ക്. ശരാശരി 40 രൂപയെങ്കിലും ലഭിച്ചാൽ മാത്രമേ നഷ്ടമില്ലാതെ കൃഷി മുന്നോട്ടു കൊണ്ടുപോകാനാകൂ. ചരിത്രത്തിൽ ആദ്യമായി കഴിഞ്ഞ വേനൽക്കാലത്തു പലയിടങ്ങളിലും തോട്ടങ്ങളിൽ കർഷകർ കൃത്രിമജലസേചന മാർഗങ്ങൾ ഒരുക്കിയിരുന്നു. ഉണക്കു ബാധിക്കാതിരിക്കാൻ തോട്ടത്തിനു മുകളിൽ പച്ച നെറ്റ് വിരിച്ച വകയിലും വൻ ബാധ്യതയുണ്ടായി. വേനലിൻറെ ആഘാതം ഈ സീസണിൽ ഉത്പാദനത്തിൽ വൻ കുറവിനു കാരണമാകുമെന്ന ആശങ്കയും കർഷകർക്കുണ്ട്.

കൃഷി വർധിച്ചതോടെ കാനിയുടെ (നടീൽവസ്തു) വില ഇരട്ടിയിലേറെ ഉയർന്നു 15 രൂപ വരെയെത്തിയതും കർഷകർക്കു തിരിച്ചടിയായി. കൃഷി ലാഭകരമെന്നു വന്നതോടെ, പല കർഷകരും റബർ കൃഷി പൂർണമായി ഒഴിവാക്കി പൈനാപ്പിളിലേക്കു മാത്രമായി തിരിഞ്ഞിരുന്നു.

ഉത്തരേന്ത്യൻ കാലാവസ്ഥ അനുകൂലമായാൽ ഡിസംബറിലും വിലയിൽ കാര്യമായ കുറവു കർഷകർ പ്രതീക്ഷിക്കുന്നില്ല. പിന്നാലെ, റംസാൻ നോമ്പുകാലത്തു ഡിമാൻഡ് വീണ്ടും വർധിക്കും. ഗൾഫ് രാജ്യങ്ങളിൽനിന്നുൾപ്പെടെ ഈ സമയത്ത് ഓർഡർ ലഭിക്കും.

തുടർച്ചയായ മാസങ്ങളിൽ മികച്ച വില ലഭിച്ചാൽ നഷ്ടമില്ലാതെ കൃഷിയുമായി മുന്നോട്ടുപോകാൻ കഴിയുമെന്നു കർഷകർ പറയുന്നു.

# അഞ്ചുരുളിയിൽ നിന്നൊരു സ്വർണയില



ഇടുക്കി ജില്ലയിലെ അഞ്ചുരുളി മലയിൽ നിന്നു സ്വർണയില വിഭാഗത്തിൽപ്പെടുന്ന പുതിയ ഇനം സസ്യം കണ്ടെത്തി. സോനറില്ല അഞ്ചുരുളിക്ക എന്ന ശാസ്ത്രനാമമാണ് ഇതിനു നൽകിയിരിക്കുന്നത്.

ആലപ്പുഴ എസ്ഡി കോളജിലെ സസ്യശാസ്ത്ര വിഭാഗം അധ്യാപകൻ ഡോ. ജോസ് മാത്യു, കല്പറ്റ സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷനിലെ ടെക്നിക്കൽ ഓഫീസർ സലിം പിച്ചൻ എന്നിവരാണ് കണ്ടെത്തലിനു പിന്നിൽ.

സുന്ദരിയില, സ്വർണയില എന്നീ പേരുകളിൽ അറിയപ്പെടുന്ന സോനറില്ല സസ്യങ്ങളുടെ അന്പതിൽപ്പരം വ്യത്യസ്ത ഇനങ്ങൾ പശ്ചിമഘട്ടത്തിലുണ്ട്. മനോഹരങ്ങളായ ഇലകളും പൂക്കളുമുള്ള ഇവയിലേറെയും പ്രദേശികമായി മാത്രം വളരുന്ന അപൂർവയിനങ്ങളാണ്.അലങ്കാരസസ്യങ്ങളായി രൂപപ്പെടുത്താവുന്നതാണ് ഇവയിലധികവും. അഞ്ചുരുളി മലയുടെ കിഴക്കൻ ചരിവിൽനിന്നാണു പുതിയ സസ്യത്തെ കണ്ടെത്തിയത്.

# പട്ടാളപ്പുഴുവിൽ നിന്ന് മത്സ്യത്തീറ്റ വികസിപ്പിച്ച് സിഎംഎഫ്ആർഐ

**കൊച്ചി:** പട്ടാളപ്പുഴുവിന്റെ (ബ്ലാക് സോൾജിയർ ഫ്ളൈ) ലാർവെ ഉപയോഗിച്ച് പ്രകൃതിസൗഹൃദ മത്സ്യത്തീറ്റയുമായി കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). മത്സ്യത്തീറ്റക്കായി ഫിഷ്മീലിനെ ആശ്രയിക്കുന്ന നിലവിലെ രീതി ഒഴിവാക്കി മത്സ്യകൃഷിയെ സുസ്ഥിരമാക്കാൻ സഹായിക്കുന്നതാണ് ഈ നേട്ടം. മീനുകളുടെ വളർച്ചക്ക് സഹായകരമാകുന്നവിധം പോഷകമൃദ്ധമാണ് ഈ തീറ്റ.




സിഎംഎഫ്ആർഐയിലെ മറൈൻ ബയോടെക്നോളജി, ഫിഷ് ന്യൂട്രീഷൻ ആന്റ് ഹെൽത്ത് ഡിവിഷനിലെ ഗവേഷകരാണ് മത്സ്യത്തീറ്റ വികസിപ്പിച്ചത്. പരമ്പരാഗത മത്സ്യത്തീറ്റയിലെ ഘടകങ്ങളായ ഫിഷ്മീൽ, സോയബീൻ എന്നിവക്ക് പകരമായി ധാരാളം പ്രോട്ടീൻ അടങ്ങിയ പട്ടാളപുഴുവിന്റെ ലാർവെയാണ് ഈ തീറ്റയിലുള്ളത്. അക്വാകൾച്ചർ വ്യവസായത്തിനായി ചെറിയമീനുകളെ അമിതമായി പിടിക്കുന്നത് തടയാൻ ഇത് വഴിയൊരുക്കുമെന്ന് ഗവേഷകർ പറയുന്നു.അക്വാകൾച്ചർ രംഗത്ത് സുപ്രധാന നേട്ടമാണ് പട്ടാളപുഴുവിനെ ഉപയോഗിച്ച് വികസിപ്പിച്ച് മത്സ്യത്തീറ്റയെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു. സുസ്ഥിരരീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് പുറമെ മത്സ്യകൃഷി ചിലവ് കുറക്കാനും ഇതുവഴി സാധിക്കും.4045 ശതമാനം പ്രോട്ടീൻ, ആവശ്യമായ അളവിൽ കൊഴുപ്പ്, അമിനോ ആസിഡ്, മറ്റ് പോഷകങ്ങൾ എന്നിവയാൽ സമൃദ്ധമാണ് പട്ടാളപുഴു അധിഷ്ഠിത മത്സ്യത്തീറ്റ. വൈവിധ്യമായ ജൈവമാലിന്യങ്ങൾ നൽകിയാണ് പട്ടാളപുഴുവിന്റെ ലാർവെയെ സംസ്കരണത്തിനായി പാകപ്പെടുത്തുന്നത്.

ഒരേ സമയം, മാലിന്യ സംസ്കരണവും തീറ്റനിർമാണവും സാധ്യമാക്കുന്നതാണ് സിഎംഎഫ്ആർഐയുടെ സാങ്കേതികവിദ്യ.ഈ തീറ്റ ഉപയോഗിക്കുന്നതിലൂടെ കൃഷി ചെയ്യുന്ന മീനുകൾ ആവശ്യമായ വളർച്ചാനിരക്ക് കൈവരിക്കുന്നതായി പരീക്ഷണങ്ങളിൽ തെളിഞ്ഞിട്ടുണ്ട്. തീറ്റയുടെ വ്യാവസായിക ഉൽപാദനവും വിപണനവും അമല ഇക്കോ ക്ലീൻ എന്ന സ്റ്റാർട്ടപ്പ് കമ്പനി ഏറ്റെടുത്തു. സിഎംഎഫ്ആർഐയുടെ സാങ്കേതികവിദ്യ കൈമാറുന്നതിന് പരസ്പരം ധാരണാപത്രം ഒപ്പുവെച്ചു.

ഭാവിയിൽ, വ്യത്യസ്ത കൃഷിരീതികളിൽ വെവ്വേറെ മത്സ്യയിനങ്ങൾക്കായി കൂടുതൽ ഫലപ്രദമായ മത്സ്യത്തീറ്റകൾ വികസിപ്പിക്കുന്നതിന് സിഎംഎഫ്ആർഐയും അമല ഇക്കോക്ലീനും പരസ്പരം സഹകരിക്കും.



## അന്താരാഷ്ട്ര ക്ലൈമറ്റ് ആക്ഷൻ ദിനം: മുത്തൂറ്റ് ഫിനാൻസ് ജീവനക്കാർ വൃക്ഷത്തൈകൾ നട്ടു

കൊച്ചി: അന്താരാഷ്ട്ര ക്ലൈമറ്റ് ആക്ഷൻ ദിനത്തോട് അനുബന്ധിച്ച് മുത്തൂറ്റ് ഫിനാൻസ് കൊച്ചിയിലെ ഹെഡ് ഓഫിസിലെ എല്ലാ ജീവനക്കാർക്കും വൃക്ഷത്തൈകൾ വിതരണം ചെയ്തു. മുത്തൂറ്റ് ഹെഡ് ഓഫീസിൽ നടന്ന വൃക്ഷത്തൈ വിതരണം മുത്തൂറ്റ് ഫിനാൻസ് ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ ജോർജ് എം ജോർജ് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ഇഡി ആന്റ് സിഒഒ കെ ആർ ബിജിമോൻ, സിഎഫ്ഒ ഉമ്മൻ കെ മാമ്മൻ, ഹെഡ് അക്കൗണ്ട്സ് ആൻഡ് ടാക്സേഷൻ മനോജ് ജേക്കബ്, മുത്തൂറ്റ് ഫിനാൻസിലെ മറ്റ് മുതിർന്ന ഉദ്യോഗസ്ഥരും സ്റ്റാഫ് അംഗങ്ങളും പങ്കെടുത്തു.ജീവനക്കാരുടെ വ്യക്തിഗത സാമൂഹ്യ പ്രതിബദ്ധത വർധിപ്പിക്കുന്ന രീതിയിൽ എല്ലാ ജീവനക്കാരും വൃക്ഷത്തൈകൾ നടുന്നത് പ്രോൽസാഹിപ്പിക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് മുത്തൂറ്റ് ഫിനാൻസ് ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ ജോർജ് മുത്തൂറ്റ് ജോർജ് പറഞ്ഞു.കാലാവസ്ഥാ മാറ്റങ്ങളെ ചെറുക്കുന്നതിനും സുസ്ഥിര മാർഗങ്ങൾ പ്രോൽസാഹിപ്പിക്കാനുമുള്ള ആഗോള നീക്കങ്ങളുടെ ഭാഗമായാണ് മുത്തൂറ്റ് ഫിനാൻസിൻറെ ഈ പരിപാടി. ജീവനക്കാരിൽ സമാനമായ മൂല്യങ്ങളും പരിസ്ഥിതി സംരക്ഷണത്തിൻറെ ഒരു സംസ്കാരം വളർത്തിയെടുക്കാൻ കമ്പനി ലക്ഷ്യമിടുന്നു.

## ആക്സിസ് ബാങ്കും അലയൻസ് നെറ്റ് വർക്ക് ഇന്ത്യയും സഹകരിക്കും

**കൊച്ചി:** ആക്സിസ് ബാങ്ക് യുഎഇയിലെ പെയ്മെൻറ് സംവിധാന രംഗത്തെ മുൻനിരക്കാരായ ഒഎംഎ എമിറേറ്റ്സ് ഗ്രൂപ്പിൻറെ സബ്സിഡിയറിയായ അലയൻസ് നെറ്റ് വർക്കുമായി സഹകരിക്കും. ബിസിനസുകാർക്ക് ഓരോരുത്തരുടേയും ആവശ്യമനുസരിച്ച് തയ്യാറാക്കിയ സേവനങ്ങൾ പ്രദാനം ചെയ്യുംവിധം ആക്സിസ് ബാങ്കിൻറെ വിപുലമായ സാന്നിധ്യവും ലളിതമായ ഇടപാടുകൾക്കു പിന്തുണ നൽകാനുള്ള വൈദഗ്ധ്യവും അലയൻസ് നെറ്റ് വർക്കിൻറെ നൂതന സാങ്കേതികവിദ്യകളും സംയോജിപ്പിച്ചു പ്രയോജനപ്പെടുത്തുമെന്ന് ആക്സിസ് ബാങ്ക് കാർഡ്, പെയ്മെൻറ്സ് വിഭാഗം മേധാവിയും പ്രസിഡൻറുമായ സഞ്ജീവ് മോഘെ പറഞ്ഞു. ചെറുകിട ബിസിനസുകളും പ്രാദേശിക കച്ചവടക്കാരും മുതൽ വൻ കോർപറേഷനുകൾ വരെയുള്ളവരുടെ ഡിജിറ്റൽ ഇടപാടുകൾ ക്രിയാത്മകമായി മാറ്റാൻ ഈ സഹകരണം പിന്തുണ നൽകും. കച്ചവട സമൂഹത്തിന് അതിവേഗത്തിലുള്ളതും സുരക്ഷിതവുമായ പെയ്മെൻറ് സംവിധാനങ്ങൾ നൽകുന്നതിന് തങ്ങൾ മുൻഗണന നൽകുന്നതായി സഞ്ജീവ് മോഘെ പറഞ്ഞു. കച്ചവടക്കാർക്ക് നവീന സാങ്കേതികവിദ്യകൾ നൽകി വളർച്ച ത്വരിതപ്പെടുത്താനും ആധുനീക യുഗത്തിൽ ഉപഭോക്തൃ അനുഭവങ്ങൾ മെച്ചപ്പെടുത്താനും ഈ സഹകരണം സഹായിക്കുമെന്ന് അലയൻസ് നെറ്റ് വർക്ക് ഗ്രൂപ്പ് ജിസിഇഒ നിരഞ്ജ് സൻഗൽ പറഞ്ഞു.

## ദീപാവലി ആഘോഷങ്ങൾക്ക് തുടക്കമിട്ട് സൗത്ത് ഇന്ത്യൻ ബാങ്ക്

**കൊച്ചി:** ദീപാവലി ആഘോഷങ്ങളുടെ ഭാഗമായി പുതിയ പരസ്യചിത്രം പുറത്തിറക്കി സൗത്ത് ഇന്ത്യൻ ബാങ്ക്. ബന്ധങ്ങളിലെ സ്നേഹവും ഇഴയടുപ്പവും ദീപശോഭ പോലെ അനുദിനം തെളിമയുള്ളതായി നിലനിൽക്കണമെന്നതാണ് പരസ്യചിത്രത്തിന്റെ കഥാതന്തു. കേവലം നാലു ദിവസത്തെ ആഘോഷം മാത്രമല്ല, ജീവിതത്തിൽ ഉടനീളം പുലർത്തേണ്ട പരസ്പര സ്നേഹത്തിന്റെയും ആത്മബന്ധത്തിന്റെയും മഹത്തരമായ സന്ദേശം കൂടിയാണ് ഓരോ ദീപാവലിയും എന്ന് ചിത്രം ഓർമിപ്പിക്കുന്നു. സൗത്ത് ഇന്ത്യൻ ബാങ്ക് ആരംഭിച്ച 1929 മുതൽ, ഉപഭോക്തൃ സൗഹൃദ ബന്ധത്തിലൂന്നി (ഇൻവസ്റ്റിംഗ് ഇൻ റിലേഷൻഷിപ്സ്) ഇടപാടുകാരുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ ബാങ്ക് പുലർത്തുന്ന പ്രതിബദ്ധതയെ പ്രചരിപ്പിക്കുകയാണ് കാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്. പരസ്പര സ്നേഹത്തിന്റെയും ഒത്തുകൂടലിന്റെയും മഹത്തരമായ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുകയാണ്, ദീപാവലിയുടെ ഭാഗമായി സൗത്ത് ഇന്ത്യൻ ബാങ്ക് പുറത്തിറക്കിയ പരസ്യചിത്രത്തിലൂടെ ഉദ്ദേശിക്കുന്നതെന്ന് എംഡിയും സിഇഒയുമായ പി ആർ ശേഷാദ്രി പറഞ്ഞു. 'ഇടപാടുകാരുടെ ആഗ്രഹങ്ങൾ മനസിലാക്കുന്ന ബാങ്കർ എന്ന നിലയിൽ, അവരുടെ സ്വപ്നങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള സൗത്ത് ഇന്ത്യൻ ബാങ്കിന്റെ പ്രതിബദ്ധതയാണ് പരസ്യചിത്രത്തിലൂടെ അടിവരയിടുന്നത്.' അദ്ദേഹം പറഞ്ഞു.

## ബിസ്സൽ ഇന്ത്യൻ വിപണിയിലേക്ക്

**കൊച്ചി:** പ്രമുഖ ആഗോള ഫ്ളോർകെയർ ഉൽപ്പന്ന ബ്രാൻഡ് ബിസ്സൽ, രാജ്യത്തെ പ്രമുഖ വിതരണക്കാരായ കാവിടേക് ഗ്ലോബൽ കോമേഴ്സുമായി സഹകരിച്ച് ഇന്ത്യൻ വിപണിയിൽ പ്രവേശിക്കുന്നു. 148 വർഷത്തെ പാരമ്പര്യമുള്ള ബിസ്സൽ ഏറ്റവും ആധുനിക ശ്രേണിയിലുള്ള വാക്വം ക്ലീനർ അവതരിപ്പിച്ചാണ് രാജ്യത്തെ ഗൃഹോപകരണ വിപണിയിൽ സജീവ സാന്നിധ്യമാകാനൊരുങ്ങുന്നത്. പുതിയ സഹകരണം ബിസ്സലിന്റെ ആഗോള വൈദഗ്ധ്യവും കാവിടേക് ഗ്ലോബൽ കൊമേഴ്സിന്റെ പ്രാദേശിക വിപണി പരിജ്ഞാനവും ഒരുമിപ്പിക്കുന്നതിലൂടെ ഉപഭോക്താക്കൾക്ക് ഏറ്റവും മികച്ച ഉൽപ്പന്നങ്ങൾ ഉറപ്പാക്കുമെന്ന് കമ്പനി വൃത്തങ്ങൾ അറിയിച്ചു.



ബിസ്സൽ ഉപകരണങ്ങളായ പോർട്ടബിൾ വെറ്റ് ആൻഡ് ഡ്രൈ ഡീപ് വാക്വം ക്ലീനർ, ക്രോസ്സ് വേവ് അപ് റൈറ്റ് 3ഇൻ1 വെറ്റ് & ഡ്രൈ വാക്വം ക്ലീനർ എന്നിവയാണ് ആദ്യഘട്ടത്തിൽ അവതരിപ്പിക്കുന്നത്. നിലവിൽ ആമസോണിൽ മാത്രം ലഭ്യമാകുന്ന ഇവ ഉടൻ ഫ്ലിപ്പ് കാർട്ടിലും ലഭ്യമാവും. രാജ്യത്തെ പ്രമുഖ ഇലക്ട്രോണിക്സ് ബ്രാൻഡുകളായ ക്രോമ, റിലയൻസ് ഡിജിറ്റൽ, വിജയ് സെയിൽസ് എന്നിവയിലൂടെ വിതരണം വ്യാപിപ്പിക്കും. സോഫ, കാർപ്പറ്റുകൾ, മെത്തകൾ, കർട്ടനുകൾ, കാർ ഇന്റീരിയറുകൾ എന്നിവ വൃത്തിയാക്കുന്നതിന് സവിശേഷമായി രൂപകൽപന ചെയ്ത ഉപകരണമാണ് വെറ്റ് ആൻഡ് ഡ്രൈ ഡീപ് വാക്വം ക്ലീനർ. വെറ്റ് & ഡ്രൈ വാക്വം ക്ലീനർ ഒരൊറ്റ ബട്ടൺ വഴി അതിവേഗത്തിൽ പ്രവർത്തിച്ച് തറകളിലേയും വിരിപ്പുകളിലേയും മറ്റും മാലിന്യങ്ങൾ നീക്കം ചെയ്യുന്നു.

ഇന്ത്യൻ വിപണിയിലെ ഏറ്റവും പുതിയ ആവശ്യങ്ങൾക്ക് അനുയോജ്യമായ ക്ലീനിംഗ് പരിഹാരങ്ങൾ നൽകുന്ന ഉപകരണങ്ങൾ അവതരിപ്പിക്കുന്നതിൽ സന്തുഷ്ടരാണെന്ന് ബിസ്സൽ ഹോം കെയർ ഇൻകോർപറേഷൻ പ്രസിഡന്റ് മാക്സ് ബിസ്സൽ പറഞ്ഞു

## ടാറ്റ എഐജി നൂതന റൈഡറുകൾ അവതരിപ്പിച്ചു

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ജനറൽ ഇൻഷൂറൻസ് സേവന ദാതാവായ ടാറ്റ എഐജി ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് ആരോഗ്യ ഇൻഷ്വറൻസ് ഉത്പന്നങ്ങളുടെ സമഗ്രത വർദ്ധിപ്പിക്കുക, ഉപഭോക്തൃ സൗഹൃദമാക്കുക എന്നീ ലക്ഷ്യങ്ങളോടെ അറുപതിലധികം ബെനിഫിറ്റുകൾ ഉൾക്കൊള്ളുന്ന അഞ്ച് പുതിയ റൈഡറുകൾ പ്രഖ്യാപിച്ചു.മെന്റൽ വെൽബിയിംഗ്, എംപവർ ഹെർ, ഒപിഡി കെയർ, കാൻകെയർ, ഫ്ളെക്സി ഷീൽഡ് എന്നീ പുതിയ റൈഡറുകൾ സുപ്രധാന ആരോഗ്യസുരക്ഷ ആവശ്യങ്ങളായ മാനസിക ആരോഗ്യം, സ്ത്രീകളുടെ ആരോഗ്യം, കാൻസർ കവറേജ് എന്നിവ ഉൾക്കൊള്ളുന്നതാണ്. വന്ധ്യത, പിസിഒഎസ്, ഗൈനക്കോളജി സംബന്ധമായ പ്രശ്നങ്ങൾ എന്നിങ്ങനെ സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങളെ സമഗ്രമായി കവർ ചെയ്യുന്നതാണ് എംപവർഹെർ. കൂടാതെ സെർവിക്കൽ കാൻസർ, വാക്സിനേഷൻ തുടങ്ങിയ പ്രതിരോധ രക്ഷ കവറേജുകളും ഈ റൈഡറിൻറെ ഭാഗമായാണെന്ന് ടാറ്റ എഐജി സീനിയർ എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ടും ഏജൻസി മേധാവിയുമായ പ്രതീക് ഗുപ്ത പറഞ്ഞു.

# വ്യവസായ,വിദ്യാഭ്യാസ ഉച്ചകോടി നവംബർ ആറിന് കൊച്ചിയിൽ

**കൊച്ചി:** രണ്ടായിരത്തിലധികം പ്രതിനിധികൾ പങ്കെടുക്കുന്ന സംസ്ഥാനത്തെ ഏറ്റവും വലിയ വ്യവസായ, വിദ്യാഭ്യാസ സമ്മേളനമായ കോൺഫ്ളുവൻസ 2024 കൊച്ചി രാജഗിരി സ്കൂൾ ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിയിൽ(ആർസിഇടി) നടക്കും. വ്യവസായസൗഹൃദമായ വിജ്ഞാന സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യം വയ്ക്കുന്ന ഈ സമ്മേളനം സംസ്ഥാനത്തെ 250ലേറെ വരുന്ന ഐടി കമ്പനികളുടെ കൂട്ടായ്മയായ ജിടെക്കും ആർസിഇടിയുമായ സഹകരിച്ചാണ് നടത്തുന്നത്. പ്രതിഭകളുടെ ഭാവി(ഫ്യൂച്ചർ ഓഫ് ടാലൻറ്) എന്നതാണ് നവംബർ ആറിന് നടക്കുന്ന കോൺഫ്ളുവൻസ് 2024 ൻറെ പ്രമേയം.സംസ്ഥാനത്തെ വ്യവസായ ആവാസ വ്യവസ്ഥയിലെ പ്രമുഖരായ ഇൻഫോപാർക്ക്, ടെക്നോപാർക്ക്, സ്മാർട്ട്സിറ്റി, കേരള സ്റ്റാർട്ടപ്പ് മിഷൻ, ഐഇഇഇ ഇന്ത്യ കൗൺസിൽ, കൊച്ചി മെട്രോ റെയിൽ തുടങ്ങിയവയുടെ സഹകരണവും ഈ സമ്മേളനത്തിനുണ്ട്. വർത്തമാനകാല വ്യവസായിക ആവാസ വ്യവസ്ഥയെ അടിമുടി മാറ്റുന്ന അത്യാധുനിക സാങ്കേതികവിദ്യയാണ് ഇന്ന് ലോകമെമ്പാടും ദിനംപ്രതി ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്ന് ജിടെക്ക് ചെയർമാനും ഐബിഎസ് സോഫ്റ്റ്വെയർ സ്ഥാപകനുമായ വി കെ മാത്യൂസ് പറഞ്ഞു. നിർമ്മിതബുദ്ധി(എഐ) പോലുള്ള ആധുനിക സാങ്കേതികവിദ്യയുമായി താദാത്മ്യം പ്രാപിക്കാൻ അക്കാദമിക രംഗത്തുള്ളവർ, ഐടി പ്രൊഫഷണലുകൾ, കോർപ്പറേറ്റുകൾ തുടങ്ങിയവർ വിപ്ലവകരമായ തയ്യാറെടുപ്പുകൾ നടത്തേണ്ടതുണ്ട്.

നൂതന സാങ്കേതികവിദ്യയിലേക്കുള്ള ഈ ചുവട്മാറ്റം ഐടി ജീവനക്കാർ ദ്രുതഗതിയിൽ സ്വായത്തമാക്കണം. അതിനൊപ്പം തന്നെ ഉന്നത വിദ്യാഭ്യാസരംഗം നിലവിലെ സാഹചര്യത്തിനൊത്ത് ഉയരേണ്ടതുണ്ട്. കോൺഫ്ളുവൻസ് സമ്മേളനത്തിൽ പങ്കെടുക്കുന്ന പ്രഗൽഭരായ പ്രൊഫഷണലുകൾ സ്വന്തം അനുഭവ പരിചയം പങ്കുവയ്ക്കുന്നതിലൂടെ ഈ സാഹചര്യവുമായി പൊരുത്തപ്പെടാൻ ഉന്നത വിദ്യാഭ്യാസരംഗത്തെയും ഐടി ആവാസവ്യവസ്ഥയെയും ഒരുപോലെ സഹായിക്കുമെന്നും വി കെ മാത്യൂസ് പറഞ്ഞു.വിജ്ഞാന മേഖലയിലെ അന്താരാഷ്ട്ര വിദഗ്ധരും വിജ്ഞാനസാങ്കേതിക മേഖലയിലെ പ്രമുഖരും ഈ ഉച്ചകോടിയിൽ പ്രഭാഷണങ്ങൾ നടത്തും. വിദഗ്ധർ പങ്കെടുക്കുന്ന പാനൽ ചർച്ചകളും സമ്മേളനത്തിൽ ഉണ്ടാകും.

സാങ്കേതിക വർക്ക് ഷോപ്പുകൾ, സ്റ്റാർട്ടപ്പ് പ്രദർശനം, ഗവേഷണ പ്രവർത്തനങ്ങളുടെയും ഉത്പന്നങ്ങളുടെയും പ്രദർശനം, പിഎച്ച്ഡി കോൺക്ലേവ്, റിസർച്ച് പോസ്റ്റർ പ്രദർശനം തുടങ്ങിയവയും സമ്മേളനത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്നുണ്ട്.

ഐടി ആവാസ വ്യവസ്ഥയുടെ ആവശ്യങ്ങളെപ്പറ്റിയും പ്രവർത്തന രീതികളെപ്പറ്റിയും സാങ്കേതിക വിദ്യാർഥികൾക്ക് നേരിൽകണ്ട് മനസ്സിലാക്കാനുള്ള അസുലഭ അവസരമാണ് കോൺഫ്ളുവൻസ് 2024 എന്ന് ആർസിഇടി പ്രിൻസിപ്പൽ ഫാദർ ഡോ. ജെയ്സൺ മുളേരിക്കൽ സിഎംഐ പറഞ്ഞു. ആശയ വിനിമയത്തിലൂടെയും പരസ്പര സഹകരണത്തിലൂടെയും പുതുതലമുറ തൊഴിൽരംഗത്തെ പ്രതിഭകളുടെ തലസ്ഥാനമാക്കി കേരളത്തെ മാറ്റുമെന്നും അദ്ദേഹം പ്രതീക്ഷ പ്രകടിപ്പിച്ചു.പരിപാടിയിൽ രജിസ്റ്റർ ചെയ്യുന്നതിന് https://www.rajagiritech.ac.in/confluence/Registration.asp എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് 80756 14084 / 85476 35562 എന്നീ മൊബൈൽ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

# 99.35% ക്ലെയിം സെറ്റിൽമെന്റ് അനുപാതവുമായി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ്

**തൃശൂർ:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് 2025 സാമ്പത്തിക വർഷത്തിലെ ആദ്യപാദ ക്ലെയിം സെറ്റിൽമെന്റ് അനുപാതം പ്രഖ്യാപിച്ചു. 99.35% ക്ലെയിം സെറ്റിൽമെന്റുമായി ഉയർന്ന അനുപാത നിരക്കാണ് കമ്പനി കൈവരിച്ചത്. ശരാശരി ക്ലെയിം തീർപ്പാക്കൽ സമയം വെറും 1.2 ദിവസമായിരുന്നുവെന്നതാണ് ഏറെ ശ്രദ്ധേയം. കൂടാതെ, 381.24 കോടി രൂപയാണ് ഈ കാലയളവിൽ കമ്പനി തീർപ്പാക്കിയ ഡെത്ത് ക്ലെയിമുകളുടെ ആകെ മൂല്യം. വരുമാനം നേടിത്തരുന്ന അംഗത്തെ നഷ്ടപ്പെട്ടാൽ കുടുംബത്തിന്റെ സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്ന ഒരു ഉൽപ്പന്നമാണ് ലൈഫ് ഇൻഷുറൻസ്.

അതിനാൽ, തങ്ങൾ എല്ലാ ക്ലെയിമുകളും വളരെ സെൻസിറ്റിവിറ്റിയോടെയും വേഗത്തിലും പ്രോസസ് ചെയ്യുന്നുവെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസിന്റെ കസ്റ്റമർ സർവീസ് ചീഫ് ഓപ്പറേഷൻസ് ഓഫീസർ അമിഷ് ബങ്കർ പറഞ്ഞു. 2025 സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ ഞങ്ങൾക്ക് വ്യക്തിഗത ഡെത്ത് ക്ലെയിം സെറ്റിൽമെന്റ് അനുപാതം 99.35% ഉണ്ടായിരുന്നു, കൂടാതെ ഒരു നോൺഇൻവെസ്റ്റിഗേറ്റീവ് ഡെത്ത് ക്ലെയിം തീർപ്പാക്കാൻ എടുത്ത ശരാശരി സമയം വെറും 1.2 ദിവസമാണ്.

ഞങ്ങളുടെ ക്ലെയിം സെറ്റിൽമെന്റ് അനുപാതം വ്യവസായത്തിലെ ഏറ്റവും മികച്ചതാണെന്ന് തങ്ങൾ വിശ്വസിക്കുന്നു. ഇതേ കാലയളവിൽ, ഞങ്ങൾ മൊത്തം 381.24 കോടി രൂപയുടെ ക്ലെയിമുകൾ തീർപ്പാക്കി. 2024 സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ 97.94%വും, 2024 സാമ്പത്തിക വർഷത്തിന്റെ രണ്ടാംപാദത്തിൽ 98.14%വും, 2024 സാമ്പത്തിക വർഷത്തിന്റെ മൂന്നാംപാദത്തിൽ 98.52%വും, 2024 സാമ്പത്തിക വർഷത്തിൽ ആകെ 99.17 ശതമാനവുമായിരുന്നു ക്ലെയിം സെറ്റിൽമെന്റ് അനുപാതം. ആവശ്യമായ എല്ലാ രേഖകളും ലഭിച്ച ശേഷം, യോഗ്യതയുള്ള എല്ലാ മരണ ക്ലെയിമുകളും ഒരു ദിവസത്തിനുള്ളിൽ തീർപ്പാക്കുമെന്ന് കമ്പനിയുടെ ക്ലെയിം ഫോർ ഷുവർ സംരംഭം വാഗ്ദാനം ചെയ്യുന്നു. 2025 സാമ്പത്തിക വർഷത്തിന്റെ ഒന്നാം പാദത്തിൽ 68.74 കോടി രൂപയുടെ ക്ലെയിമുകളാണ് ഈ സംരംഭത്തിന് കീഴിൽ കമ്പനി തീർപ്പാക്കിയതെന്നും അമിഷ് ബങ്കർ പറഞ്ഞു.

# ഗ്ലോബൽ ലൈവ്സ്റ്റോക്ക് കോൺക്ലേവ്; വെബ്സൈറ്റും ബ്രോഷറും പുറത്തിറക്കി

**കൊച്ചി:** ക്ഷീര കന്നുകാലി, വളർത്തുമൃഗ മേഖലയുടെ സമഗ്രവികസനവും ഉൽപാദനക്ഷമതയും ലക്ഷ്യമിട്ട് കേരള വെറ്ററിനറി സർവകലാശാല സംഘടിപ്പിക്കുന്ന ആഗോള ലൈവ്സ്റ്റോക്ക് കോൺക്ലേവിന്റെ വെബ്സൈറ്റ് കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് വൈസ് ചാൻസിലർ പ്രൊഫസർ ഡോ. പ്രദീപ് കുമാർ പുറത്തിറക്കി. കുഫോസ് രജിസ്ട്രാർ പ്രൊഫസർ ഡോ. ദിനേശ് കൈപ്പുള്ളി ബ്രോഷർ പ്രകാശനം ചെയ്തു. ഡിസംബർ 20 മുതൽ 29വരെ വയനാട് പൂക്കോട് വെറ്ററിനറി കോളേജിൽ സംഘടിപ്പിക്കുന്ന രാജ്യത്തെ ഏറ്റവും വലിയ ആഗോള ലൈവ്സ്റ്റോക്ക് കോൺക്ലേവിലൂടെ ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ മൃഗസംരക്ഷണം സാധ്യമാക്കുക, കന്നുകാലിക്ഷീര കാർഷിക മേഖലയിൽ യുവാക്കൾക്കായി പുത്തൻ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നിവയാണ് ലക്ഷ്യമിടുന്നത്. ചടങ്ങിൽ കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി രജിസ്ട്രാർ പ്രൊഫസർ ഡോ. പി സുധീർ ബാബു, അക്കാദമിക് ആന്റ് റിസേർച്ച് ഡയറക്ടർ പ്രൊഫസർ ഡോ. സി ലത, ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ്പ് പ്രൊഫസർ. ഡോ. ടി എസ് രാജീവ്, അസ്സോസിയേറ്റ് പ്രൊഫസർ ഡോ. ജസ്റ്റിൻ ഡേവിസ് എന്നിവർ സംസാരിച്ചു.



മൂല്യ വർധിത ഉൽപ്പന്നങ്ങൾ, വളർത്തു മൃഗങ്ങൾ, പോൾട്രി, ഡയറി അക്വഫാമിംഗ് എന്നീ വിഭാഗങ്ങളിലെ ഏറ്റവും പുതിയ അറിവുകൾ, മാറിവരുന്ന സാങ്കേതിക വിദ്യകൾ എന്നിവയെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കാൻ ആഗോള ലൈവ്സ്റ്റോക്ക് കോൺക്ലേവ് സഹായകമാകുമെന്ന് അധികൃതർ വ്യക്തമാക്കി.വയനാട് ജില്ലയെ ക്ഷീരോൽപാദക മേഖലയുടെ ഹബ്ബ് ആക്കി മാറ്റുകയാണ് കോൺക്ലേവിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്. നീതി ആയോഗിന്റെ കണക്കുകൾ പ്രകാരം ജില്ലയിലെ വലിയൊരു വിഭാഗം ജനങ്ങളും ക്ഷീരോൽപാദക മേഖലയിലാണ് പ്രവർത്തിക്കുന്നത്. മിൽമയുടെ കീഴിലുള്ള മലബാർ മേഖല പാലുൽപാദക സഹകരണസംഘത്തിന് ഉയർന്ന ഗുണമേന്മയുള്ള പാൽ ഉൽപാദിപ്പിക്കുന്നതിനുള്ള ദേശീയ അംഗീകാരം ലഭിച്ചിരുന്നു. ക്ഷീര കാർഷിക മേഖലയ്ക്ക് പുറമെ, സുഗന്ധവ്യഞ്ജനങ്ങൾ, ജില്ലയുടെ തനതായ വനവിഭവങ്ങൾ എന്നിവയുടെ ഉൽപാദനക്ഷമതയും വികാസവും ഉറപ്പുവരുത്തും. ഇതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച്, കർഷകരുടെ പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിനുള്ള സ്ഥിരം വേദി ഒരുക്കുകയും നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം ഉറപ്പുവരുത്തുകയും ചെയ്യും.

കോൺക്ലേവിന്റെ ഭാഗമായി 2 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണത്തിൽ വളർത്തുമൃഗങ്ങൾ, കന്നുകാലികൾ, ഡയറി ഫാമിംഗ്, അക്വ ഫാമിംഗ്, പോൾട്രി എന്നിവയുടെ സ്റ്റാളുകളും വിവിധ എക്സ്പോകളും ഒരുക്കും. മൃഗസംരക്ഷണത്തെക്കുറിച്ചും മൂല്യവർധിത ഉൽപന്നങ്ങളുടെ വിപണന സാധ്യതകളെക്കുറിച്ചും വിദഗ്ധർ നയിക്കുന്ന സെമിനാറുകൾ, ശിൽപശാലകൾ എന്നിവയും കോൺക്ലേവിൽ നടക്കും.

രാജ്യത്തെ വിവിധ കാർഷിക സംഘടനകളും വെറ്ററിനറി ഡോക്ടർമാരും ഉൾപ്പടെ ഏകദേശം അഞ്ചു ലക്ഷത്തോളം ആളുകളുടെ പങ്കാളിത്തമാണ് പത്ത് ദിവസങ്ങളിലായി നടക്കുന്ന കോൺക്ലേവിൽ പ്രതീക്ഷിക്കുന്നത്. കൊച്ചിയിലെ പാക്സ് ഇവന്റ്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ സഹകരണത്തോടെയാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നത്.

# ബിഗ്ബാസ്ക്കറ്റിൽ ദീപാവലി ഷോപ്പിംഗിനു 10 മിനിറ്റ് ഡെലിവറി

**കൊച്ചി:** ദീപാവലിക്ക് 10 മിനിറ്റിനുള്ളിൽ ഡെലിവറി ചെയ്യുന്ന വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ വാഗ്ദാനം ചെയ്തുകൊണ്ട് ബിഗ്ബാസ്കറ്റ് ഉപഭോക്താക്കൾക്ക് ഉത്സവ സീസൺ ആഘോഷിക്കുന്നു. പലചരക്ക് സാധനങ്ങൾ കൂടാതെ മികച്ച ബ്രാൻഡുകളിൽ നിന്നുള്ള ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങളും ബിഗ് ബാസ്കറ്റിൽ നിന്ന് ഉപഭോക്താക്കൾക്ക് ഉടൻ പ്രതീക്ഷിക്കാം. വരും മാസങ്ങളിൽ, ബിഗ്ബാസ്കറ്റ് ക്രോമയിൽ നിന്നുള്ള ഏറ്റവും പുതിയ ഇലക്ട്രോണിക്സ്, വീട്ടുപകരണങ്ങൾ, മാറ്റൽ, ഹാസ്ബ്രോ, ലെഗോ, ബേബ്ലേഡ് തുടങ്ങിയ ബ്രാൻഡുകളിൽ നിന്നുള്ള കളിപ്പാട്ടങ്ങൾ, ടാറ്റ ക്ലിക്കിൽ നിന്നുള്ള വസ്ത്രങ്ങൾ എന്നിവ നൽകാൻ പൂർണ്ണമായി തയ്യാറായി കഴിഞ്ഞുവെന്ന് ബിബി റീട്ടെയിൽ മാർക്കറ്റിംഗ് മേധാവി രാഗലീന ശ്രീപാദ പറഞ്ഞു.ടയർ 2 വിപണികൾ ഞങ്ങൾക്ക് വളരെ പ്രധാനമാണ്. ഞങ്ങളുടെ ടയർ 2 ഉപഭോക്താക്കളിൽ നിന്ന് 10 മിനിറ്റിനുള്ളിൽ വിതരണം ചെയ്യുന്ന വിപുലമായ ഉൽപ്പന്നങ്ങളുടെ ആവേശം കാണുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ഈ ദീപാവലിക്ക്, സ്വർണ്ണ, വെള്ളി നാണയങ്ങൾ, വീട്ടുപകരണങ്ങൾ, ഡ്രൈ ഫ്രൂട്ട്സ്, ഗിഫ്റ്റിംഗ് റേഞ്ച് തുടങ്ങി നിരവധി ദീപാവലി ആവശ്യങ്ങൾ 10 മിനിറ്റിനുള്ളിൽ എത്തിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും രാഗലീന ശ്രീപാദ പറഞ്ഞു.

## ജിയോ ട്രൂ 5ജി ദീപാവലി ധമാക്ക

**മുംബൈ:** ദീപാവലി ഉത്സവ സീസണിൽ ജിയോ ട്രൂ 5ഏ പ്ലാൻ 899 അല്ലെങ്കിൽ 3599 ഉപയോഗിച്ച് റീചാർജ് ചെയ്ത് 3350 മൂല്യമുള്ള ആനുകൂല്യങ്ങൾ നേടാമെന്ന് ജിയോ അധികൃതർ വ്യക്തമാക്കി.ഹോട്ടലുകൾക്കും വിമാന യാത്രകൾക്കുമായി ( ഈസി മൈ ട്രിപ്പിൽ (ഋമലെങ്ങ്യറ്യശു) നിന്ന് 3000 രൂപയുടെ വൗച്ചർ, 999ഉം അതിനുമുകളിലും വാങ്ങുമ്പോൾ അജിയോയിൽ നിന്ന് 200 രൂപയുടെ വൗച്ചർ, സ്വിഗിയിൽ ഭക്ഷണം ഓർഡർ ചെയ്യുമ്പോൾ 150 രൂപയുടെ വൗച്ചർകൂപ്പണുകൾ നിങ്ങളുടെ മൈ ജിയോ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടും. മൈ ജിയോ യിലെ ഓഫറുകൾ എന്ന വിഭാഗത്തിൽ നിന്ന് കോപ്പി ചെയ്ത് അതാത് പാർട്ണർ സൈറ്റുകളിൽ ഉപയോഗിക്കാം. 2024 നവംബർ അഞ്ചുവരെയാണ് ഓഫർ കാലയളവ്.

# സോണി ഇന്ത്യ ഡബ്ല്യുഎഫ്എൽ910 വയർലെസ് ഇയർബഡ്സ് പുറത്തിറക്കി

**കൊച്ചി:** നൂതന ലിങ്ക്ബഡ്സ് സീരീസിൽ സോണി ഇന്ത്യ ഡബ്ല്യുഎഫ്എൽ910 (ലിങ്ക്ബഡ്സ് ഓപ്പൺ) വയർലെസ് ഇയർബഡ്സ് അവതരിപ്പിച്ചു. അത്യാധുനിക സാങ്കേതിക വിദ്യയും എർഗണോമിക് ഡിസൈനും ഒരുമിച്ചുള്ള ഈ പുതിയ മോഡൽ ഉപഭോക്താക്കൾക്ക് മികച്ച കണക്റ്റിവിറ്റിയും ശബ്ദ നിലവാരവും നൽകുന്നു.ഭാരം കുറഞ്ഞതും ഒതുക്കമുള്ളതുമായ ഡിസൈനാണ് ഡബ്ല്യുഎഫ്എൽ910 ഇയർബഡ്സിന്. ഐപിഎക്സ്4 വാട്ടർ റെസിസ്റ്റൻറ് റേറ്റിങ്ങുമായാണ് ഇത് എത്തുന്നത്.



ഉയർന്ന നിലവാരമുള്ള ഓഡിയോ ഉറപ്പാക്കുന്നതിന് നൂതനമായ 11എംഎം റിങ് ആകൃതിയിലുള്ള ഡ്രൈവർ യൂണിറ്റാണ് ഇതിൽ സജ്ജീകരിച്ചിരിക്കുന്നത്. സോണിയുടെ ഇൻറഗ്രേറ്റഡ് പ്രോസസർ വി2 ആണ് ഡബ്ല്യുഎഫ്എൽ910ന് കരുത്തേകുന്നത്.അഡാപ്റ്റീവ് വോള്യം കൺട്രോൾ, 22 മണിക്കൂർ വരെ നീണ്ടുനിൽക്കുന്ന ബാറ്ററി ലൈഫ്, 3 മിനിറ്റ് ചാർജിൽ 60 മിനിറ്റ് വരെ പ്ലേബാക്ക് എന്നിവ സവിശേഷതകളാണ്. ഓട്ടോ സ്വിച്ച്, ഓട്ടോ പ്ലേ, ക്വിക്ക് ആക്സസ്, വോയ്സ് കൺട്രോൾ, വൈഡ് ഏരിയ ടാപ്പ്, മൾട്ടിപോയിൻറ് കണക്ഷൻ തുടങ്ങിയ സവിശേഷതകളുമുണ്ട്.കറുപ്പ്, വെള്ള നിറങ്ങളിൽ ഡബ്ല്യുഎഫ്എൽ910 (ലിങ്ക്ബഡ്സ് ഓപ്പൺ) 2024 ഒക്ടോബർ 24 മുതൽ സോണി സെൻററുകൾ, സോണി അംഗീകൃത ഡീലർമാർ ഇകൊമേഴ്സ് വെബ്സൈറ്റുകൾ (ആമസോൺ, ഫ്ളിപ്കാർട്ട്) ഇന്ത്യയിലെ പ്രമുഖ ഇലക്ട്രോണിക് സ്റ്റോറുകൾ എന്നിവിടങ്ങളിൽ ലഭ്യമാകും. 19,990 രൂപയാണ് വില.



# ശക്തൻ മൈതാനിയിൽ മോട്ടോർ ഷോയ്ക്ക് തുടക്കം

**തൃശൂർ:** ഗവ.എൻജിനീയറിങ് കോളജ് മെക്കാനിക്കൽ എൻജിനീയറിങ് വിഭാഗം സംഘടിപ്പിക്കുന്ന തൃശൂർ മോട്ടോർ ഷോയ്ക്ക് (ടിഎംഎസ് 24) ശക്തൻ മൈതാനിയിൽ തുടക്കമായി. 'റെവിങ് അപ് ദ് ഫ്യൂച്ചർ' എന്ന പ്രമേയത്തിൽ ഓട്ടോ എക്സ്പോയും റോബട്ടിക്സും സംയോജിപ്പിച്ചാണ് പ്രദർശനം ഒരുക്കിയിരിക്കുന്നത്. പി.ബാലചന്ദ്രൻ എംഎൽഎ മോട്ടർ ഷോ ഉദ്ഘാടനം ചെയ്തു. ഗവ.എൻജിനീയറിങ് കോളജ് പ്രിൻസിപ്പൽ ഡോ. കെ.മീനാക്ഷി അധ്യക്ഷത വഹിച്ചു.

സിറ്റി പൊലീസ് കമ്മിഷണർ ആർ.ഇളങ്കോ പ്രഫ.ടി.കൃഷ്ണകുമാർ, പ്രഫ.സി.പി.സുനിൽകുമാർ, പ്രഫ.രാജേഷ് വഞ്ചിപ്പുര, വി.ആർ.സുരേഷ് ചന്ദ്രൻ, ആർ.അഭിരാം, ആയ്ഷ റഫീഖ്, പ്രഫ. ജെയീ കെ.വർഗീസ്, അബ്ദു റൗഫ് എന്നിവർ പ്രസംഗിച്ചു. 9 മുതൽ രാത്രി 9 വരെയാണു പ്രദർശന സമയം. ദിവസവും വൈകിട്ട് 6നു സാംസ്കാരിക പരിപാടികളും ഉണ്ടാകും. മോട്ടർ ഷോ 27 വരെ തുടരും.

# കൊച്ചി സ്പൈസ് കോസ്റ്റ് മാരത്തൺ നാളെ

**കൊച്ചി:** ഏജസ് ഫെഡറൽ ലൈഫ് ഇൻഷുറൻസ് കൊച്ചി സ്പൈസ് കോസ്റ്റ് മാരത്തൺ നാളെ എറണാകുളം മറൈൻഡ്രൈവിൽ നടക്കും. രാവിലെ മറൈൻഡ്രൈവ് ഗ്രൗണ്ടിൽ ക്രിക്കറ്റ് ഇതിഹാസവും ഏജസ് ഫെഡറൽ ലൈഫ് ഇൻഷുറൻസ് ബ്രാൻഡ് അംബാസഡറുമായ സച്ചിൻ ടെണ്ടുൽക്കർ മാരത്തൺ ഫൽഗ്ഓഫ് ചെയ്യും. 8,000 പേരാണ് മാരത്തണിനായി രജിസ്റ്റർ ചെയ്തത്, ഇത് സർവകാല റെക്കോഡാണ്. മുൻ വർഷങ്ങളെ പോലെ മൂന്ന് വിഭാഗങ്ങളിലായിട്ടായിരിക്കും ഇത്തവണും മാരത്തൺ. ഫുൾ മാരത്തൺ (42.2 കി.മീ) ആണ് പ്രധാന ഇനം. ഏകദേശം 600 പേർ ഈ വിഭാഗത്തിൽ മത്സരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഹാഫ് മാരത്തണിലും (21.1 കി.മീ) ഫൺ റണ്ണിലും (5 കെ.മീ) ഈ വർഷം പങ്കാളിത്തം വർധിച്ചിട്ടുണ്ട്.

ഏജസ് ഫെഡറൽ ലൈഫ് ഇൻഷുറൻസ് കൊച്ചി സ്പൈസ് കോസ്റ്റ് മാരത്തണിന് എന്റെ ഹൃദയത്തിൽ ഒരു പ്രത്യേക സ്ഥാനമുണ്ടെന്ന് മത്സരത്തിന് മുന്നോടിയായി സച്ചിൻ ടെണ്ടുൽക്കർ പറഞ്ഞു. ഓരോ വർഷവും കൂടുതൽ കൂടുതൽ ആളുകൾ ഈ പരിപാടിയിൽ പങ്കെടുക്കുന്നത് കാണുന്നതിൽ എനിക്ക് സന്തോഷമുണ്ട്. നമ്മുടെ ചെറുപ്പക്കാരും പ്രായമായവരും സജീവമായി എന്തെങ്കിലും കളികളിൽ ഏർപ്പെട്ടുകൊണ്ട്, ഇന്ത്യയെ ഒരു കായിക രാഷ്ട്രമായി കാണണമെന്നാണ് ഞാൻ എപ്പോഴും സ്വപ്നം കാണുന്നത്. മാരത്തണുകളുടെ വിജയം നമ്മൾ ലക്ഷ്യത്തിലേക്ക് എത്തുന്നുവെന്ന് കാണിക്കുന്നുവെന്നും സച്ചിൻ ടെണ്ടുൽക്കർ പറഞ്ഞു.

ഒരു ഓർഗനൈസേഷൻ എന്ന നിലയിൽ, അവരവരുടെ ഇഷ്ടത്തിനനുസരിച്ച് ജീവിതവും ജീവിതരീതിയും സൃഷ്ടിക്കാൻ ആളുകളെ പ്രാപ്തരാക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യമെന്ന് ഏജസ് ഫെഡറൽ ലൈഫ് ഇൻഷുറൻസ് എംഡിയും സിഇഒയുമായ ജൂഡ് ഗോമസ് പറഞ്ഞു. ഭാവി നിർഭയ ജീവിതം നയിക്കാൻ ആളുകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഞങ്ങളുടെ ഉദ്ദേശ്യം സാക്ഷാത്കരിക്കുന്നതിന്, 8 വർഷം മുമ്പാണ് ഇന്ത്യക്കാരെ അവരുടെ ഫിറ്റ്നസിൽ പ്രവർത്തിക്കാൻ പ്രോത്സാഹിപ്പിക്കുന്നതിന് മാരത്തണുകളെ പിന്തുണയ്ക്കാൻ ഞങ്ങൾ തീരുമാനിച്ചത്. ഇന്ന് ഞങ്ങളുടെ ഓരോ മാരത്തണിലും പങ്കാളിത്തം ഉയരുമ്പോൾ റണ്ണിങ് വിപ്ലവത്തിന് തുടക്കം കുറിക്കുന്നതിലെ ഞങ്ങളുടെ പങ്കിനെ അഭിമാനബോധത്തോടെ നോക്കികാണുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സോൾസ് ഓഫ് കൊച്ചി സംഘടിപ്പിക്കുന്ന മാരത്തണിൽ നിരവധി എൻജിഒകളുടെയും കോർപ്പറേറ്റുകളുടെയും പങ്കാളിത്തമുണ്ട്. കൊച്ചി സിറ്റി പൊലീസിലെ 126 ഓട്ടക്കാരിൽ 50 പേർ വനിതകളാണ്. ജെയിൻ ഡീംഡ് യൂണിവേഴ്സിറ്റിയിൽ നിന്ന് 257 പേരും, ഫ്രാഗോമാനിൽ നിന്ന് 205 പേരും മാരത്തണിൽ പങ്കെടുക്കുന്നുണ്ട്. എയർ ഇന്ത്യ, നേവി, ആർബിഐ, ഐഒസി, കൊച്ചിൻ ഷിപ്പ്യാർഡ് എന്നിവിടങ്ങളിൽ നിന്നുള്ള മത്തായീസ് കുടുംബ ടീമിലെ 50 അംഗങ്ങളും മാരത്തണിനുണ്ട്. ഇതിന് പുറമേ മെഡിക്കൽ ട്രസ്റ്റ് ഹെൽത്തി ഏജിങ് ഗ്രൂപ്പിലെയും മോംസ് ഓഫ് കൊച്ചിയിലെയും പ്രതിനിധികൾ ഫൺ റണ്ണിലും പങ്കെടുക്കുന്നുണ്ട്.




# വ്യവസായ ഉൽപ്പന്ന പ്രദർശന വിപണന മേള തുടങ്ങി

**കണ്ണൂർ:** വ്യവസായ വാണിജ്യ വകുപ്പിന്റെയും ജില്ലാ വ്യവസായ കേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിൽ ജില്ലാതല വ്യവസായ ഉൽപ്പന്ന പ്രദർശന വിപണന മേള രമന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു. കണ്ണൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ അജിമോൻ കെ എസ്, നിധിൻ ഇ ആർ, രഞ്ജു മാണി, സുരേഷ്കുമാർ, പി ജി നന്ദകുമാർ എന്നിവർ പങ്കെടുത്തു. ഒക്ടോബർ 30 വരെയുള്ള മേളയിൽ നാളികേര ഉൽപ്പന്നങ്ങൾ, ചക്ക ഉൽപ്പന്നങ്ങൾ, മാങ്ങയിൽ നിന്നുള്ള മൂല്യവർധിത ഉൽപ്പന്നങ്ങൾ, തേൻ ഉൽപ്പന്നങ്ങൾ, അലങ്കാരവസ്തുക്കൾ, മ്യൂറൽ പെയിൻറിംഗ്സ്, ഡിസൈനർ ഗാർമെൻറ്സ്, ഫർണിച്ചർ ഉൽപ്പന്നങ്ങളുടെ 52 സ്റ്റാളുകളുണ്ട്.